# ജാമക്കാരൻ

# JAMAKKARAN

**VOLUME - 1** **RNI Reg. No. TNBIL/2016/70171** **ISSUE - 3**

**FEBRUARY - 2017 TAMIL & MALAYALAM**


**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**

**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**


**0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com**




**കർത്താവിൽ പ്രിയരെ,**

ജീവനോടെയിരിക്കുന്ന നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിൽ വാഴ്ത്തുന്നു. നമ്മുടെ ജാമക്കാരനിൽ കഴിഞ്ഞ രണ്ടു മാസങ്ങളായി പ്രസിദ്ധീകരിച്ചിരിക്കുന്നതുപോലെ, ക്യാൻസർ രോഗികൾക്കുവേണ്ടിയും, അതിനാൽ ബാധിക്കപ്പെട്ട കുടുംബങ്ങൾക്കുവേണ്ടിയും ഈ **മാർച്ചു മാസം 14–ാം** തീയതി **ഒരു പകൽ ഉപവാസ പ്രാർത്ഥന** സംഘടിപ്പിച്ചിരുന്നു. ഈ മാസിക നിങ്ങളുടെ കൈകളിൽ കിട്ടുമ്പോൾ ഈ ഉപവാസപ്രാർത്ഥന അനുഗ്രഹത്തോടെ നടന്നുകഴിഞ്ഞിരിക്കും.

**ഞങ്ങൾ അന്നു ചെയ്ത പ്രാർത്ഥന ദൈവം കേട്ടിരിക്കുമോ?**

തീർച്ചയായും ദൈവം കേട്ടിരിക്കും. അതിന്റെ ഫലങ്ങളും ബന്ധപ്പെട്ടവർക്ക് ലഭിച്ചിരിക്കും. അന്ന് ഞങ്ങൾ സംഘടിപ്പിച്ച ആ ഉപവാസപ്രാർത്ഥനയിലേക്ക് എല്ലാവരേയും ക്ഷണിച്ചിരുന്നില്ല. ആ ഉപവാസപ്രാർത്ഥന സംഘടിപ്പിച്ചത് എനിക്കു വേണ്ടിയോ ആ യോഗത്തിൽ പ്രാർത്ഥിക്കുവാൻ കടന്നുവന്നവർക്കു വേണ്ടിയോ അല്ല. വേദവചന പ്രകാരം മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാനാണ് ആ ഏർപ്പാടുകൾ ചെയ്തിരുന്നത്. മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുന്നവർ ആരായിരുന്നാലും അവർക്ക് ചില പ്രത്യേകത യോഗ്യതകൾ വേണം. അത്, **മാനസാന്തര അനുഭവവും സാക്ഷ്യവുമുള്ള ജീവിതവും** ആയിരിക്കണം. ഈ രണ്ട് അനുഭവവും ഇല്ലാത്തവർ ഇങ്ങനെ

ജാമക്കാരൻ JAMAKKARAN

# MARCH 2017

യുള്ള പ്രാർത്ഥനാ യോഗത്തിൽ വന്ന് പ്രാർത്ഥിക്കുവാൻ പാടില്ല. അഥവാ, ഈ അനുഭവത്തിൽ ഇല്ലാത്തവർ വന്ന് പ്രാർത്ഥിച്ചാലും, പ്രാർത്ഥനയിൽ കരഞ്ഞാലും ആ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല. അതുകൊണ്ടാണ് ഈ പ്രാർത്ഥനായോഗം പരസ്യപ്പെടുത്തിയപ്പോൾ മാനസാന്തര അനുഭവം ഇല്ലാത്തവരും ആത്മഭാരം ഇല്ലാത്തവരും ഈ യോഗത്തിൽ സംബന്ധിക്കരുതെന്നും ഞങ്ങൾ പ്രാർത്ഥിക്കുവാൻ വലിയൊരു കൂട്ടം പ്രതീക്ഷിക്കുന്നില്ലായെന്നും മാനസാന്തരപ്പെട്ടവരുടെ ചെറിയ കൂട്ടം വന്ന് പ്രാർത്ഥിച്ചാൽ മതിയെന്നും പരസ്യപ്പെടുത്തിയത്.

എന്റെ പാപങ്ങൾ തന്നെ ക്ഷമിക്കപ്പെടാത്ത അവസ്ഥയിൽ, മറ്റുള്ളവരുടെ പാപങ്ങൾ ക്ഷമിക്കേണമേ എന്ന് ആവശ്യപ്പെടുന്നത് ന്യായമല്ലല്ലോ? നമ്മുടെ ദൈവം വചനം അനുസരിച്ച് മാനസാന്തരപ്പെട്ടവരുടെ പ്രാർത്ഥനകൾ കേൾക്കുവാനാണ് ആഗ്രഹിക്കുന്നത്. സദൃ 28:9–ാം തിരുവചനത്തിൽ എന്റെ പ്രമാണം കേൾക്കാത്തവന്റെ പ്രാർത്ഥന ഞാൻ വെറുക്കുന്നു എന്ന് എഴുതിയിരിക്കുന്നു. പ്രാർത്ഥന എന്നു പറയുന്നത് നാം ദൈവത്തോട് സംസാരിക്കുന്നതാണ്. വേദവചനം വായിക്കുന്നത് എന്ന് പറയുന്നത് ദൈവം നമ്മോടു സംസാരിക്കുന്നതാണ്. ആദ്യം അവൻ പറയുന്നതിന് അനുസരണം കാണിച്ചാൽ പ്രാർത്ഥനയ്ക്കുള്ള ഉത്തരം താനേ ലഭിക്കും. സങ്കീ 107:20–ാം തിരുവചനത്തിൽ, അവൻ തന്റെ വചനത്തെ അയച്ച് അവരെ സൗഖ്യമാക്കി എന്നു എഴുതിയിരിക്കുന്നു. യോഹ 15:7–ൽ പറയുന്നു: "നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ; അത് നിങ്ങൾക്ക് കിട്ടും" എന്ന്. യാക്കോബ് 5:16–ൽ പറയുന്നു: "എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിന്നു തമ്മിൽ തമ്മിൽ പാപങ്ങളെ ഏറ്റു പറഞ്ഞു ഒരുവനു വേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ" എന്ന്. ഈ വേദവചനങ്ങളെല്ലാം പ്രാർത്ഥനയ്ക്കുള്ള യോഗ്യതകളാണ്.

പാപത്തെ ഉപേക്ഷിക്കാത്ത ഒരു വ്യക്തി, ദൈവത്തോട് മാപ്പ് ചോദിക്കണമെങ്കിൽ അതിന് യോഗ്യത വേണ്ട. അവൻ ആയിരിക്കുന്ന അവസ്ഥയിൽ തന്നെ മനഃസ്താപത്തോടെ പ്രാർത്ഥിച്ചാൽ മതി. മറ്റുള്ളവർക്കു വേണ്ടി അവൻ പ്രാർത്ഥിക്കുമ്പോൾ അവന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കണം. "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും, നീതിമാനും ആകുന്നു." 1 യോഹ 1:9. "തന്റെ ലംഘനങ്ങളെ മറെക്കുന്നവനു ശുഭം വരികയില്ല; അവയെ ഏറ്റുപറഞ്ഞു ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും" (സദൃ 28:13).

**മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു**

ഒരാളിന്റെ ഭാരത്തെ മറ്റൊരാൾ ചുമന്ന് ഓരോരുത്തരും മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുവാൻ ദൈവം നമ്മോടു പറഞ്ഞിരിക്കുന്നു. യേശുവിന്റെ രക്തത്താൽ കഴുകപ്പെട്ട നമ്മെ പുരോഹിതവർഗ്ഗമായി മാറ്റിയിരിക്കുന്നു (1 പത്രൊസ് 2:5,9). മുകളിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ വചനങ്ങളുടെയും അടിസ്ഥാനത്തിലാണ് എന്റെ 52 വർഷത്തെ ദൈവവേലയിൽ ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും ഉള്ള എല്ലാ തലസ്ഥാന ജില്ലകളിലും ഒരു പകൽ ഉപവാസപ്രാർത്ഥയായി സംഘടിപ്പിച്ചു നടത്തിക്കൊണ്ടിരിക്കുന്നത്. ഡൽഹിയിൽ നിന്നും ആരംഭിച്ച് കിഴക്കൻ സംസ്ഥാനങ്ങളൊഴികെയുള്ള മറ്റു സംസ്ഥാനങ്ങളിൽ കാശ്മീർ മുതൽ കന്യാകുമാരി വരെയുള്ള സംസ്ഥാനങ്ങളിൽ മാർത്തോമാ, സി.എസ്.ഐ, സി.എൻ.ഐ, ലൂഥറൻ, മെഥഡിസ്റ്റ്, പെന്തക്കോസ്തു സഭകൾ ഉൾപ്പെടെ എല്ലാ സഭകളിലുമുള്ള വിശ്വാസികളെയും അച്ചന്മാരെയും പാസ്റ്റർമാരെയും

ബിഷപ്പുമാരെയും ചേർത്ത് യോഗങ്ങൾ നടത്തി. കേരളത്തിൽ കോട്ടയത്ത് മാമ്മൻമാപ്പിള ഹാൾ, കോഴിക്കോട്, കണ്ണൂർ, മംഗലാപുരം, എണറാകുളം (എം.ജി.റോഡ്), എറണാകുളം ടൗൺഹാൾ, ആലുവ, മൂന്നാർ, തിരുവല്ല, കാവുംഭാഗം, മല്ലപ്പള്ളി, നെടുങ്കാട്പള്ളി, കാർത്തികപ്പള്ളി, എലന്തൂർ, പൂവത്തൂർ, കായംകുളം, കൊട്ടാരക്കര, കുണ്ടറ, പേരയം, കലയപുരം, അടൂർ, പത്തനംതിട്ട, കോട്ടയം മാങ്ങാനം, കുമിളി, വണ്ടിപ്പെരിയാർ, മൂവാറ്റുപുഴ, പെരുമ്പാവൂർ, മേലുകാവ്, തിരുവനന്തപുരം (എം.എം.ചർച്ച് – പോളിയോഹോം), നെയ്യാറ്റിൻകര തുടങ്ങിയ എല്ലാ സ്ഥലങ്ങളിലും നടത്തപ്പെട്ട ഉപവാസപ്രാർത്ഥനായോഗങ്ങൾ മൂലമായി അനേകംപേർക്ക് രോഗസൗഖ്യം ലഭിച്ചു. രോഗശാന്തി ലഭിച്ചവർ ധാരാളം, തകർന്ന ധാരാളം കുടുംബങ്ങൾ ഒന്നായി ചേർന്നു. ഇങ്ങനെ പലവിധ അത്ഭുതപ്രവർത്തനങ്ങൾ ഈ യോഗങ്ങൾ മുഖാന്തരം ഉണ്ടായി. സഭാവ്യത്യാസം ഇല്ലാതെ എല്ലാ സഭകളിലും ഇതു മുഖാന്തരം ആത്മീയ ഉണർവ്വുകൾ ഉണ്ടായി. അതുപോലെ തന്നെ വലിയ ആത്മീയമാറ്റങ്ങളും രോഗസൗഖ്യങ്ങളും ഈ മാർച്ച് 14–ാം തീയതിയിലെ യോഗത്തിലും ഉണ്ടാകും എന്നു ഞാൻ വിശ്വസിക്കുന്നു. അതിന്റെ വിവരങ്ങൾ തുടർന്നുള്ള ദിവസങ്ങളിൽ സൗഖ്യം പ്രാപിച്ചവർ സമാധാനം പ്രാപിച്ചവർ വിടുതൽ ലഭിച്ചവർ എന്നിവരും കത്തുകൾ മുഖേനയും ഇ–മെയിൽ വഴിയായും എന്നെ എഴുതി അറിയിക്കും. ഈ 14–ാം തീയതിയിലെ ഉപവാസപ്രാർത്ഥന മാസികയിൽ പ്രസിദ്ധപ്പെടുത്തിയ ശേഷം സേലത്തിലുള്ള “Youth For Christ” ഡയറക്ടർ മിസ്റ്റർ ജയസിംഗ് അവർകൾ, ഈ ഉപവാസയോഗം ഞങ്ങളുടെ Y.F.C ഹാളിൽ വച്ച് നടത്തണം എന്നും അതിന്റെ നോട്ടീസ് മുതൽ പരസ്യം കൊടുക്കുന്നതുവരെയും ഉള്ള എല്ലാ ചെലവുകളും ഞങ്ങൾ ഏൽക്കും എന്ന് അദ്ദേഹം തന്നെ മുൻകൈ എടുത്ത് എല്ലാം നടത്തിക്കൊള്ളാം എന്ന് ഫോണിൽ കൂടി എന്നോട് അഭ്യർത്ഥിക്കുകയുണ്ടായി. ഇതു വായിക്കുന്ന ഇന്ത്യയിലുള്ള എല്ലാ ജാമക്കാരൻ വായനക്കാർക്കും ഞാൻ അറിയിക്കുവാൻ ആഗ്രഹിക്കുന്ന വിഷയം എന്തെന്നാൽ നിങ്ങളുടെ സ്ഥലങ്ങളിലുള്ള പൊതുമണ്ഡപങ്ങളിലോ, കല്യാണമണ്ഡപങ്ങളിലോ, Y.M.C.A ഹാളുകളിലോ നിങ്ങളുടെ പള്ളികളിലോ ഒരു ദിവസത്തെ ഒരു പകൽ യോഗം സംഘടിപ്പിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ രക്ഷിക്കപ്പെട്ട വിശ്വാസികളെല്ലാം കൂടി തീരുമാനിച്ച് എന്നെ അറിയിച്ചാൽ ഒരു പൊതു അവധി ദിവസത്തിൽ ആ പ്രാർത്ഥനാ യോഗത്തെ നടത്തിത്തരാൻ ഞാൻ വരാം! 4 മാസത്തിനു മുൻപ് ഈ വിവരം എന്നെ അറിയിച്ചാൽ എന്റെ തീയതി അനുസരിച്ച് ഈ യോഗങ്ങൾ ക്രമീകരിക്കുവാൻ കഴിയും. ചില പ്രത്യേക നിബന്ധനകൾ ഉള്ളത്, ഈ യോഗങ്ങളിൽ കാണിയ്ക്കകൾ സ്വീകരിക്കുവാൻ പാടില്ല. ഈ പ്രാർത്ഥനായോഗം നടത്തുവാൻ വരുന്ന എനിയ്ക്ക് യാത്രാചെലവിനുള്ള പണവും തരുവാൻ പാടില്ല. കാരണം, ആ പ്രാർത്ഥനായോഗത്തിന്റെ അനുഗ്രഹത്തിന്റെ പങ്ക് ദൈവവേലക്കാരനായ എനിയ്ക്കും ലഭിക്കണം. ഈ യോഗങ്ങൾക്കുള്ള ക്രമീകരണ ചെലവുകളെല്ലാം അവിടത്തെ വിശ്വാസികൾ തന്നെ പരസ്പരം പങ്കുവെയ്ക്കണം. ഈ യോഗം നടക്കുന്ന ദിവസങ്ങളിൽ സമീപത്തുള്ള പണികൾക്കോ കൺവെൻഷൻ യോഗങ്ങൾക്കോ യാതൊരു തടസ്സങ്ങളും ഉണ്ടാകാതെ നേരത്തെ അവരെ വിവരങ്ങൾ അറിയിക്കണം. പ്രാർത്ഥനയോടെ ഈ ക്രമീകരണങ്ങളെല്ലാം ചെയ്താൽ ദൈവത്തിന്റെ അനുഗ്രഹം ഇതിന് നേതൃത്വം നൽകുന്ന എല്ലാവർക്കും ലഭിക്കും. മറ്റു വിവരങ്ങൾക്ക് എന്നോട് കത്തിലൂടെ ബന്ധപ്പെടുന്നത് നല്ലതായിരിക്കും.

ദൈവകൃപ നാം എല്ലാവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

**Dr.പുഷ്പരാജ്**

# I.H.S & I.N.R I എഴുത്തിന്റെ അർത്ഥം

മെയിൻ ലൈൻ സഭകളിൽ (സി.എസ്.ഐ, സി.എൻ.ഐ, ആംഗ്ലിക്കൻ മാർത്തോമ്മാ, ലൂഥറൻ) അൾത്താരയിന്മേലുള്ള തുണികളിൽ എഴുതിയിട്ടുള്ള IHS എന്നുതന്നെ എഴുതിയിരിക്കണം. ഈ മൂന്നു അക്ഷരങ്ങളും ഗ്രീക്ക് അക്ഷരങ്ങളാണ്. അത് ഇംഗ്ലീഷ് പദങ്ങളല്ല. യേശു എന്ന പേരിന്റെ ഗ്രീക്കുപദം IESOUS എന്നുള്ളതാകുന്നു. ഇതിന്റെ ആദ്യത്തെ മൂന്നു അക്ഷരങ്ങളാണ് അൾത്താരയിലെ തുണികളിൽ എഴുതിയിരിക്കുന്നത്. ഇതിൽ രണ്ടാമത്തെ അക്ഷരം പക്ഷേ ഇതിനെ ക്യാപിറ്റൽ ലറ്ററിൽ എഴുതുമ്പോൾ ഗ്രീക്ക് പദത്തിന്റെ അക്ഷരത്തിൽ H മാതിരിയിരിക്കും. അതുകൊണ്ട് IHS എന്ന് എഴുതുന്നത് യേശു എന്നുള്ളതിന്റെ ആദ്യത്തെ മൂന്ന് ഗ്രീക്ക് പദങ്ങളാകുന്നു. ഇതാണ് ഇതിന്റെ ശരിയായ വിശദീകരണം എന്ന് ഞാൻ വിശ്വസിക്കുന്നു.

പക്ഷേ ചിലർ ഇതിന് മറ്റ് ചില രൂപത്തിലുള്ള വിശദീകരണം കൊടുക്കുന്നു. JESUS HOMINUM SAIVATOR (JESUS SAVIOUR OF MEN) എന്ന് ചിലർ വിശദീകരണം കൊടുക്കുന്നു.

### കുരിശിന്റെ മുകളിൽ എഴുതിയിട്ടുള്ള INRI എന്ന വാക്കിന്റെ അർത്ഥം

I.N.R.I എന്നുള്ളത് നാലു ലാറ്റിൻ പദത്തിന്റെ ആദ്യത്തെ അക്ഷരങ്ങളാകുന്നു. JESUS NAZAEANUS REX JUDAEORM എന്നുള്ളത് ആ ലാറ്റിൻ പദങ്ങളാകുന്നു. ഇതിന്റെ ഇംഗ്ലീഷ് പരിഭാഷ JESUS OF NAZARETH KING (REX) OF THE JEWS എന്നാകുന്നു.

**കുറിപ്പ് :** മുകളിൽ കൊടുത്തിരിക്കുന്ന I H S & I N R I എന്നുള്ള വാക്കിന്റെ അർത്ഥം എന്താണെന്ന് ചോദിച്ചുകൊണ്ട് വർഷങ്ങൾക്കു മുൻപുതന്നെ പലരും എന്നോടു ചോദിച്ചു. അതുകൊണ്ട് ഇപ്പോൾ ഇതിന്റെ വിവരങ്ങൾ ഞാൻ പരസ്യപ്പെടുത്തുന്നു.

Do not be anxious about anything but in everything by prayer and supplication with thanksgiving.
Let your requests be made known to God. And the peace of God which passes all understanding shall keep your hearts and minds through Christ Jesus

- Selected

# യേശുക്രിസ്തു ക്രൂശിക്കപ്പെട്ടപ്പോൾ കൈകളിൽ ആണികളാൽ കുരിശിൽ തറയ്ക്കപ്പെട്ട വിവരം.

യേശുക്രിസ്തുവിന്റെ കൈകളിൽ ആണികൾ തറയ്ക്കപ്പെട്ടത് **ഉള്ളം കൈയിലോ** അഥവാ **മണിബന്ധത്തിലോ?**




ക്രിസ്തുവിന്റെ ക്രൂശീകരണത്തെക്കുറിച്ച്, ഞാൻ ക്രിസ്തുവിനെ ദർശനത്തിൽ കണ്ടു എന്നു പറയുന്ന ദൈവവിശ്വാസികളും ദൈവവേലക്കാരും, തങ്ങളുടെ ദർശനത്തിൽ യേശുക്രിസ്തുവിന്റെ ഉള്ളംകൈയിലാണ് തുളകൾ കണ്ടതായിട്ട് തങ്ങളുടെ സാക്ഷ്യത്തിൽ പറഞ്ഞിട്ടുണ്ട്. സായിബാബയെപ്പോലെ മറ്റു മതങ്ങളിലുള്ളവരും സഹോ.ഡി.ജി.എസ്.ദിനകരൻ (യേശു വിളിക്കുന്നു) അതുപോലെ പറഞ്ഞിട്ടുണ്ട്. റോമാചരിത്രത്തിലും യഹൂദാചരിത്രത്തിലും ക്രൂശിക്കപ്പെടുന്നവർ രണ്ടുതരത്തിൽ ക്രൂശിക്കപ്പെട്ടതായി കാണാം. ഒന്ന്, കൈകളും കാലുകളും കയറുകളാൽ ബന്ധിക്കപ്പെട്ട് ക്രൂശിക്കുന്നു. അങ്ങനെ കയറുകളാൽ ബന്ധിക്കപ്പെട്ട ക്രൂശികരണത്തിൽ, ക്രൂശിക്കപ്പെട്ട ആളെ കഴുകന്മാരും പരുന്തുകളും ജീവനോടെ കൊത്തിപ്പറിച്ച് തിന്നും. ഈ രംഗം അധികാരവർഗ്ഗം കണ്ടു രസിക്കും. ഇതിനെക്കാൾ ക്രൂരമായി ശിക്ഷിക്കപ്പെടുന്നതാണ് ആണികളാൽ തറയ്ക്കപ്പെടുന്നത്. ഇപ്രകാരമുള്ള ശിക്ഷയാണ് യേശുക്രിസ്തുവിന് കൊടുത്തത്. ഉള്ളം കൈകളിൽ ആണികൾ അടിയ്ക്കപ്പെട്ടാൽ മുഴുവൻ ശരീരത്തിന്റെയും ഭാരം താങ്ങുകയില്ല. അത് ഉള്ളംകൈയ്യിലെ വിരലുകളുടെ എല്ലിന്റെ ഇടയിൽക്കൂടി പുറത്തുവരാൻ സാധ്യതയുണ്ട്. അതുകൊണ്ട് കുരിശിൽ തറയ്ക്കപ്പെട്ട യേശുക്രിസ്തുവിന്റെ മണിബന്ധത്തിലെ രണ്ടു അസ്ഥികൾക്കും ഇടയിലാണ് ആണി തറയ്ക്കപ്പെട്ടത്. കയറുകൾ കൊണ്ട് ബന്ധിച്ചിരുന്നു. ഉള്ളം കയ്യിലെ ദ്വാരത്തിലൂടെ കർത്താവിനെ ദർശിച്ചു എന്നു പറയുന്ന സാക്ഷികളെല്ലാം സങ്കൽപവികാര സാക്ഷികൾ ആകുന്നു.



ഇന്ന് പലരുടെയും ദർശനങ്ങൾ ഇതുപോലെയുള്ള സങ്കല്പദർശനങ്ങളായിട്ടുതന്നെ കാണപ്പെടുന്നു. ഇതിനെക്കുറിച്ച് അവരുമായിട്ട് വാദിക്കുകയാണെങ്കിൽ അവർ കണ്ട ദർശനങ്ങളെല്ലാം വ്യാജങ്ങളാണെന്ന് പറയേണ്ടിവരും.

(വായനക്കാർ കത്ത്)

**UNITED CHRISTIAN MOVEMENT FOR THY KINGDOM**

(The Christian Chapter of the Movement For A World Government And a Single Human Society)

Chairman : **Adv. JACOB PULIKKAN**

CC.44/1474, Adrimuri Road Palarivattom, Cochin - 682 025, Kerala, India

(Ph : 91-0484-2533331, 91-9037332984 email-jpeedesk@gmail.com)

# ക്രിസ്മസ് അപ്പൂപ്പനും ഡോ.പുഷ്പരാജിന്റെ പ്രതികരണവും

## ഒരു കത്തോലിക്കാ സഭാവിശ്വാസിയുടെ വിമർശനം

നാലഞ്ചുവർഷമായി 'ജാമക്കാരൻ' മാസികയിലൂടെ ഡോപുഷ്പരാജിനെ മനസ്സിലാക്കിക്കൊണ്ടിരിക്കുന്ന ആളാണ് ഞാൻ. ജീവിതം ത്യാഗപൂർണ്ണമായി ക്രൈസ്തവ ആദർശങ്ങൾ ജനങ്ങളിൽ ശരിയായ രീതിയിൽ പ്രചരിപ്പിക്കാൻ ശ്രമിച്ചുപോരുന്ന അദ്ദേഹത്തെ ആ നിലയിൽ ആദരിക്കുകയും ചെയ്യുന്നു. ഞാൻ സാങ്കേതികമായി കത്തോലിക്കാസഭയിൽ ഉൾപ്പെടുന്ന വ്യക്തിയാണെങ്കിലും ആ സഭയിൽ നൂറ്റാണ്ടുകളായി ഉണ്ടായിട്ടുള്ള അപചയങ്ങളെ ഞാൻ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇതരസഭകളുടെ അപചയങ്ങളും മനസ്സിലാക്കിയിട്ടുണ്ട്. എല്ലാ സഭകളുടെയും കുറവുകളേക്കാൾ വളരെ കൂടുതൽ വരുന്ന നന്മകളും മനസ്സിലാക്കിയിട്ടുണ്ട്. അതെല്ലാം ഏതാണ്ട് വിശദമായിത്തിന്നെ, മിക്കവാറും എല്ലാ സഭകളുടെയും കേരളത്തിലെ ഉന്നതങ്ങളിൽ ഗൗരവമേറിയ ചർച്ചയ്ക്ക് വിധേയമായിട്ടുള്ളതും; ആധികാരികമായി പ്രതികരിക്കാൻ കഴിയുന്നവരിൽ എല്ലാവരിൽ നിന്നു തന്നെയും ഇതിനകം ഉയർന്ന നിലയിലുള്ള അനുകൂല പ്രതികരണങ്ങൾ ഉണ്ടായിട്ടുള്ളതുമായ എന്റെ "ഭാരതസഭാചരിത്രം; രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങളിൽ" എന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

ഇനി ഈ കത്തിനാധാരമായ കാര്യത്തിലേക്ക് കടക്കാം. 'ജാമക്കാര' ന്റെ 2016 ഡിസംബർ ലക്കത്തിൽ 'ക്രിസ്മസ് അപ്പൂപ്പൻ ആര്?' എന്ന ചോദ്യത്തിന് ഡോ.പുഷ്പരാജ് നൽകിയിട്ടുള്ള ഉത്തരമാണ് വിഷയം. വിശുദ്ധ നിക്കോളാസിന്റെ പ്രതീകമെന്ന നിലയിലോ അല്ലാതെയോ സാന്താക്ലോസ് ആകർഷണനീയമായ ആ വേഷത്തിൽ ക്രിസ്മസ് കാലത്ത് കരോളിനും മറ്റും കുട്ടികളോടുകൂടി കളിച്ച് സന്തോഷിച്ച് നടക്കുന്നതിൽ ഇത്രവലിയ കുറ്റം കണ്ടുപിടിക്കേണ്ട എന്തുകാര്യമാണുള്ളത്? അത് പിശാചിന്റെ തന്ത്രമാണെന്നും ക്രിസ്മസ് അപ്പൂപ്പൻ വേദി പങ്കിടുമ്പോൾ ക്രിസ്തു എവിടെ? ക്രിസ്തുവിന്റെ സ്ഥാനം എവിടെ? എന്നൊക്കെ വിമർശിക്കുന്നതിനും വേവലാതിപ്പെടുന്നതിനും വല്ല നീതികരണവുമണ്ടോ? ക്രിസ്തുവിന്റെ നൈർമല്യവും ദൈവീകതയുമൊക്കെ കൂടുതൽ ആകർഷകമാവുന്നതായിട്ടാണ് അനേകരെപ്പോലെ എനിക്കും തോന്നിയിട്ടുള്ളത്. ക്രിസ്തുവിനെപ്പോലെ ഒന്നിനെക്കാട്ടി ക്രിസ്തുവിൽ നിന്ന് ജനങ്ങളെ അക

റ്റുക എന്ന തന്ത്രമാണ് ഇതിലുള്ളതെന്ന് ആരോപിക്കുന്നതിൽ യാതൊരു വസ്തുതയുമില്ല. എനിക്കങ്ങനെ തോന്നുന്നില്ല; എന്നുമാത്രമല്ല ക്രിസ്മസ് അപ്പൂപ്പനിലൂടെ ക്രിസ്തുവിലേക്ക് കൂടുതൽ ആകർഷിക്കപ്പെടുകയും ബന്ധപ്പെടുകയും ചെയ്യുന്നു എന്നതാണ് യഥാർത്ഥത്തിൽ സംഭവിക്കുന്നതെന്നാണ് എന്റെ അഭിപ്രായം.

ക്രിസ്മസ് കരോളിന്റെ കാര്യത്തിലും ക്രിസ്മസ് ഗാനങ്ങളുടെ കാര്യത്തിലുമെല്ലാം ഈ അനുഭവം തന്നെയാണുണ്ടാവുന്നത്. ഇതൊക്കെ വികൃതമായി അവതരിപ്പിച്ചാൽ ശരിയാവുകയില്ല. ക്രിസ്മസ് മിഠായിയും കേക്കും സമ്മാനങ്ങളും നൽകുന്ന ക്രിസ്മസ് അപ്പൂപ്പൻ നൂറ്റാണ്ടുകളായി പൈശാചിക തന്ത്രങ്ങളാൽ ജനങ്ങളിൽ നിന്ന് ക്രിസ്തുവിനെ മറയ്ക്കാൻ പ്രേരിപ്പിക്കുന്നു എന്നും മറ്റുമുള്ള അഭിപ്രായം യഥാർത്ഥ വസ്തുതകൾക്ക് വിരുദ്ധവും അവാസ്തവുമാണ്.

ജീവനുള്ള ദൈവത്തിന്റെ ജീവനുള്ള പ്രതിമയായ ക്രിസ്തുവിനെ ക്രിസ്മസ് അപ്പൂപ്പനാൽ മറയ്ക്കുന്നു എന്നും മറ്റുമുള്ള അഭിപ്രായം ദൈവവിശ്വാസമുള്ള ജനസമൂഹം എപ്പോഴും വരണ്ടുചുക്കിച്ചുളുങ്ങിയിരിക്കണമെന്ന തനി പുരുനുനിസമാണ്. ഇത് വിഗ്രഹാരാധനയാണെന്ന് പറയുന്നതും ശരിയല്ല. വിഗ്രഹങ്ങൾ പോലും ഒരു പരിധിവരെ ഉപയോഗിക്കാമെന്നാണ് എനിക്കു തോന്നുന്നത്. അത് വ്യാപകമായി കച്ചവടമനോഭാവത്തെ സഹായിക്കരുതെന്ന് മാത്രം. വിഗ്രഹങ്ങളെന്നാൽ കല്ലും മണ്ണും ലോഹവും മറ്റും കൊണ്ടുണ്ടാക്കുന്നവ മാത്രമല്ല; ആശയങ്ങളും ചിത്രങ്ങളും മറ്റും വിഗ്രഹങ്ങൾ തന്നെയാണ്. നേരിൽ കണ്ടിട്ടില്ലെങ്കിലും ഡോ.പുഷ്പരാജിന്റെ പ്രഭാഷണങ്ങൾ വായിച്ചും അദ്ദേഹത്തിന്റെ ചിത്രം മാസികയിൽ സ്ഥിരമായി കണ്ടും എന്റെ മനസ്സിൽ പുഷ്പരാജിന്റെ ഒരു വിഗ്രഹമുണ്ട്. അതുപോലെ ഈ കത്തു വായിക്കുമ്പോൾ എന്റെ ഒരു ഏകദേശ വിഗ്രഹം പുഷ്പരാജിന്റെ മനസ്സിലും രൂപംകൊള്ളും. വിഗ്രഹങ്ങളെ ഉൾക്കൊള്ളാനും ആസ്വദിക്കാനുമുള്ള മനുഷ്യന്റെ കഴിവ് വ്യക്തികൾതോറും വ്യത്യാസമുണ്ട് എന്നതാണ് യാഥാർത്ഥ്യം. ബുദ്ധിപരമായും വികാരപരമായും താഴ്ന്ന നിലവാരമുള്ളവരെ വശീകരിക്കാനും ചൂഷണം ചെയ്യാനും വിഗ്രഹങ്ങൾ ദുരുപയോഗപ്പെടുത്തുന്നുണ്ട്. അത് ആവശ്യമായ സന്ദർഭങ്ങളിൽ ബുദ്ധിയും വിവേകവും യഥാർത്ഥ സൗന്ദര്യബോധവും ഉള്ളവരായ ആളുകൾ ജനങ്ങൾക്ക് വെളിവാക്കി കൊടുക്കുകയും വേണം.

ഏതായാലും ഇത്തരം വരട്ടുവാദപരമായ ആശയങ്ങളും നിലപാടുകളും മാറ്റിവച്ച് എല്ലാ ക്രൈസ്തവവിഭാഗങ്ങളും ഒത്തൊരുമിച്ച് ആഘോഷപരമായി മുന്നോട്ടുപോകണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്.

# ജാമക്കാരൻ കുറിപ്പ് :

ഈ വിമർശനം എഴുതിയ സഹോദരൻ കത്തോലിക്കാ സഭാ ഉപദേശം വിശ്വസിക്കുന്ന വ്യക്തിയാണ്. മരിച്ചുപോയ മറിയയോടു പ്രാർത്ഥിക്കുന്നതും, മറിയയുടെ പ്രതിമയെയും യേശുക്രി

സ്തുവിന്റെ പ്രതിമയെയും പ്രാർത്ഥിക്കുന്നവരാണ്. നമ്മുടെ വേദപുസ്തകത്തിൽ ഉല്പത്തി പുസ്തകം മുതൽ വെളിപ്പാടു വരെ നമ്മുടെ ദൈവം വിഗ്രഹത്തെ വെറുക്കുന്നവനാണ്. വിഗ്രഹത്തെ വെറുത്തവരെയാണ് "എന്റെ ജനം" അവകാശത്തോടെ വൈദം പറയുന്നത്. വേദവചനപ്രകാരം ജീവിക്കാൻ ആഗ്രഹിക്കുന്ന ഏവരും വിഗ്രഹ ആരാധന വെറുക്കും. മനുഷ്യർക്കു വ്യത്യസ്ത അഭിപ്രായങ്ങളും ആശയങ്ങളും ഉണ്ടായിരിക്കാം. പക്ഷേ ക്രിസ്ത്യാനികൾ ആത്മീകത്തിൽ ജീവിക്കുവാൻ ദൈവം നമുക്ക് വേദപുസ്തകം നൽകിയിരിക്കുന്നു. സങ്കീ 143:10 "കർത്താവിന്റെ ഇഷ്ടം ചെയ്‌വാൻ എന്നെ പഠിപ്പിക്കേണമേ" എന്ന് ദാവീദ് ചോദിച്ചതുപോലെ ഓരോ ക്രിസ്ത്യാനിയും വചനപ്രകാരം ജീവിക്കുന്നതാണ് നല്ലത്. പുറ 20. ന്യായപ്രമാണവും പത്തുകല്പനകളും എഴുതി കൂടുതലായി പരിശുദ്ധാത്മാവു മുഖാന്തിരം മുഴുവേദപുസ്തകവും ദൈവം നമുക്കു നൽകി.

നാളെ ന്യായവിധിയിൽ കത്തോലിക്കാ, സി.എസ്.ഐ, മാർത്തോമ്മാ എന്നീ അങ്ങനെയുള്ള സഭാ നിയമങ്ങളുടെ അടിസ്ഥാനത്തിൽ അല്ല ദൈവം ന്യായം വിധിക്കുന്നത്. പരിശുദ്ധാത്മാവ് മുഖാന്തിരം നമ്മുടെ കൈകളിൽ നൽകിയിരിക്കുന്നു വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിന്റെ അടിസ്ഥാനത്തിലാണു ന്യായവിധി.

അതുകൊണ്ട് ഈ വിമർശന കത്തെഴുതിയ വക്കീൽ സഹോദരൻ അവർകൾ വേദപുസ്തകം നല്ലവണ്ണം വായിച്ചു വചനപ്രകാരം ജീവിച്ചാൽ ന്യായവിധിയിൽ രക്ഷപ്പെടും. മരിച്ചു പോയ മറിയയോടോ, ആന്റിണിയോടോ മറ്റേതൊരു വിശുദ്ധരോടും പ്രാർത്ഥിച്ചിട്ടു ഒരു പ്രയോജനവും ഇല്ല.

**മരിച്ചു ഉയിർത്തെഴുന്നേറ്റു ഇപ്പോഴും ജീവിക്കുന്ന മരണമില്ലാത്ത യേശുക്രിസ്തുവോടു ബന്ധപ്പെടുന്നതും പ്രാർത്ഥിക്കുന്നതുമാണ് സഹോദനു നല്ലത്.**

സഹോദരൻ ചിന്തിക്കുവാൻ ചില വചനങ്ങൾ സൂചിപ്പിക്കുന്നു. സഭാപ്രസംഗി 9:5, ഇയ്യോബ് 14, സങ്കീർത്തനം 88:10.

## അറിയിപ്പ്

രോഗവിവരങ്ങളും കുടുംബപ്രശ്നങ്ങളും എന്നോട് അറിയിക്കുവാനും ആത്മീയവിവരങ്ങൾ അറിയുവാനും ആഗ്രഹിക്കുന്നവരും എന്റെ പ്രത്യേക പ്രാർത്ഥന ആവശ്യപ്പെടുന്നവരും കത്തുകൾ വഴിയായും ഇ–മെയിൽ വഴിയായും ബന്ധപ്പെടുവാൻ അഭ്യർത്ഥിക്കുന്നു. ഫോൺ മുഖേന ബന്ധപ്പെട്ടവർ ലൈൻ കിട്ടാതെ എന്നോട് ബന്ധപ്പെടുവാൻ കഴിഞ്ഞില്ലായെന്നുള്ള പരാതികൾ എനിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. പല ഭാഷകളിൽ ഫോൺ മുഖേന എന്നെ ബന്ധപ്പെടുന്നവർ ധാരാളമുണ്ട്. ആഴ്ചയിൽ ഒരു ദിവസം മാത്രം ഞാൻ ഭവനത്തിലുള്ളതുകൊണ്ട് മറ്റു ദിവസങ്ങളിൽ ഫോൺ മുഖേന ലഭിക്കുന്ന വിവരങ്ങൾ പകർത്തിയെഴുതുവാൻ ഓഫീസിൽ പ്രത്യേകം ആളുകളില്ല. അതുകൊണ്ട് കഴിയുന്നതും കത്തുകളിലൂടെയോ, ഇ–മെയിലിലൂടെയോ എന്നെ ബന്ധപ്പെടണമെന്ന് അറിയിക്കുന്നു. അങ്ങനെ ബന്ധപ്പെടുന്നവർ നിങ്ങളുടെ പൂർണ്ണമായ മേൽവിലാസവും നിങ്ങളുടെ ഫോൺ നമ്പറും എഴുതുവാൻ മറക്കരുത്.

# സ്വന്തം തെറ്റുകൾ മനസ്സിലാക്കുന്നവൻ ഭാഗ്യവാൻ

“തന്റെ മുതുക് തനിക്ക് തന്നെ കാണാൻ സാധ്യമല്ല” എന്ന ഒരു പഴഞ്ചൊല്ലുണ്ട്. അതെ! നമ്മുടെ തെറ്റുകൾ നമ്മുടെ മനസ്സും, കണ്ണുകളും അറിയുമായിരിക്കും. നാം ചെയ്യുന്നതു മുഴുവൻ ശരിയാണെന്ന് നമ്മോടു പറഞ്ഞ്, നമ്മെ സ്വയം പറ്റിക്കുന്നത്, മനസ്സിന് വലിയ ഇഷ്ടമാണ്.

ഈ ലോകത്തു ജീവിക്കുന്ന ഓരോ മനുഷ്യനും തന്റെ തെറ്റുകൾ മനസ്സിലാക്കുകയാണെങ്കിൽ, ഈ ലോകം തന്നെ ഒരു സ്വർഗ്ഗമായി മാറും. തന്റെ തെറ്റ് മനസ്സിലാക്കുവാനുള്ള ചിന്ത ഓരോ മനുഷ്യന്റെ ഹൃദയത്തിലും ഉണ്ടാവുകയാണെങ്കിൽ, നീതിപീഠത്തിന്റെ ആവശ്യമേ ഇല്ല; വക്കീലന്മാർക്ക് ജോലിയേ ഇല്ലാതാവും. ഓരോ കുടുംബത്തിലുള്ളവരും അവരവരുടെ തെറ്റുകൾ മനസ്സിലാക്കിയാൽ, നമ്മുടെ വീട് ഒരു കൊച്ചു സ്വർഗ്ഗമായി തന്നെ മാറും. നമ്മുടെ സഭയിലുള്ള ബിഷപ്പ്, പാസ്റ്റർ, കമ്മിറ്റി അംഗങ്ങൾ, വിശ്വാസികൾ എന്നിങ്ങനെ ഓരോരുത്തർക്കും, സ്വന്തം തെറ്റു മനസ്സിലാക്കി, അത് തിരുത്തുവാനുള്ള മനസ്സുണ്ടായാൽ, ഈ ഭൂമിയിൽ വലിയൊരു മാറ്റം സംഭവിക്കും. എന്തൊക്കെ പറഞ്ഞാലും, ജനങ്ങളുടെ തെറ്റുകളെക്കുറിച്ചുള്ള ബോധം ഉണർത്തുന്നതാണ് ശരിയായ വഴി.

“നമ്മുടെ തെറ്റുകൾ നാം തന്നെ മനസ്സിലാക്കണം” എന്നതാണ് ഈ ലേഖനത്തിന്റെ ഉളളടക്കം. നമ്മുടെ തെറ്റുകൾ നാം മനസ്സിലാക്കുന്നത് ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യമാണ്, കയ്പായ അനുഭവവും കൂടിയാണ്. നമ്മുടെ ശത്രുവിന്റെ തെറ്റുകൾ കണ്ടുപിടിക്കുന്നത് കൂടുതൽ എളുപ്പവും നമുക്കിഷ്ടമുള്ളതുമാണ്. എന്നാൽ നമ്മുടെ തെറ്റുകൾ നാം സമ്മതിക്കുന്നത് ഏറ്റവും വിഷമമാണ്. നമ്മുടെ തെറ്റ് നാം മനസ്സിലാക്കുന്നത് ഒരു ശ്രേഷ്ഠമായ ഗുണമാണ്. നമുക്കറിയാത്ത നമ്മുടെ തെറ്റുകൾ മറ്റാരെങ്കിലും ചൂണ്ടിക്കാണിച്ചാൽ, അതു തിരുത്തുവാനെങ്കിലും നാം ശ്രമിക്കണം. വേദപുസ്തകത്തിൽ അനേകം പേരുടെ തെറ്റുകൾ പല പ്രവാചകന്മാരും, മറ്റുള്ളവരും ചൂണ്ടിക്കാണിച്ചപ്പോൾ പലരും ദേഷ്യപ്പെട്ടിട്ടുണ്ട്; ചിലർ കുറ്റം സമ്മതിച്ചിട്ടുണ്ട്. ഉദാഹരണത്തിന് പ്രവാചകനായ നാഥാൻ ദാവീദിന്റെ തെറ്റ് ചൂണ്ടിക്കാണിച്ചപ്പോൾ ദാവീദ് സമ്മതിച്ചു. എന്നാൽ ശൗൽ രാജാവ് ചെയ്ത തെറ്റ് ശമുവേൽ പ്രവാചകൻ ചൂണ്ടിക്കാണിച്ചപ്പോൾ അവനത് സമ്മതിച്ചില്ല. ലോകം മുഴുവൻ കാണുന്ന പ്രശ്നം ഇതുതന്നെയാണ്.

ഉസിയാ രാജാവ് (2 ദിന 26:19) ചെയ്ത തെറ്റ് (ധൂപപീഠത്തിൽ ധൂപം കാട്ടുന്നത്) അസര്യാ പുരോഹിതൻ ചൂണ്ടിക്കാണിച്ചപ്പോൾ അവൻ കോപപ്പെട്ടുകൊണ്ടിരിക്കുമ്പോൾ തന്നെ, ഉസ്സിയാരാജാവിന്റെ നെറ്റിയിൽ കുഷ്ഠരോഗമുണ്ടായി. അത് അവന്റെ ജീവിതാന്ത്യമായി മാറി.

യെരൊബയാം എന്ന (1 രാജാ 13:4) യിസ്രായേലിലെ ആദ്യത്തെ രാജാവ് ചെയ്ത തെറ്റ് യെഹൂദയിൽ നിന്നും വന്ന ദൈവപുരുഷൻ ചൂണ്ടിക്കാണിച്ചപ്പോൾ, ആ രാജാവ് അവന്റെ നേരെ കൈ നീട്ടി അവനെ പിടിപ്പിൻ എന്ന് കല്പിച്ചു. എങ്കിലും അവന്റെ കൈ വരണ്ടുപോയിട്ട് തിരികെ മടക്കുവാൻ കഴിയാതെയായി.

ഈ അവസ്ഥയിൽ ഉടൻതന്നെ രാജാവ് താൻ ആരെ പിടിക്കുവാൻ കൈ നീട്ടിയോ, അവനെ നോക്കി, "ദയവായി എനിക്കുവേണ്ടി നിന്റെ ദൈവമായ യഹോവയോടു പ്രാർത്ഥിക്കണം" എന്ന് അപേക്ഷിച്ചു. ഉടൻതന്നെ ദൈവപുരുഷൻ രാജാവിനുവേണ്ടി പ്രാർത്ഥിച്ചപ്പോൾ രാജാവിന്റെ കൈ മുമ്പുണ്ടായിരുന്നതുപോലെ സുഖം പ്രാപിച്ചു. ഈ രാജാവ് ആദ്യം ദേഷ്യപ്പെട്ടാലും ഉടൻതന്നെ തന്റെ തെറ്റ് മനസ്സിലാക്കുന്നു.

അതുപോലെ ഉസ്സിയാരാജാവും ക്ഷമചോദിച്ചിരുന്നെങ്കിൽ, അവനുണ്ടായ കുഷ്ഠരോഗം സുഖമായിട്ടുണ്ടാകും. എന്നാൽ അവൻ തന്റെ തെറ്റ് മനസ്സിലാക്കുകയോ, ഏറ്റുപറയുകയോ, തിരുത്തുകയോ ചെയ്യാത്തതുകൊണ്ട് ജീവിതകാലം മുഴുവൻ കുഷ്ഠരോഗിയായിത്തന്നെ ജീവിച്ച മരിച്ചു. എന്തൊരു പിടിവാശി! തന്റെ തെറ്റ് മനസ്സിലാക്കി തിരുത്തുവാൻ ശ്രമിക്കാത്ത ഏതു മനുഷ്യനാണെങ്കിലും ഇതുപോലെത്തന്നെ സംഭവിക്കും. നമുക്കിത് ഒരു ചുവന്ന അടയാള അറിയിപ്പാണ്. ക്യാൻസർ രോഗം കണ്ടുപിടിച്ച ലോകപ്രശസ്തനായ ഡോക്ടർ റോബർട്ടിന് ഒരു നല്ല ഗുണമുണ്ട്. തന്റെ കണ്ടുപിടിത്തങ്ങളിലുള്ള തെറ്റുകളെക്കുറിച്ച് ആരെങ്കിലും പറയുകയാണെങ്കിൽ അദ്ദേഹം അത് പൂർണ്ണമനസ്സോടുകൂടി സ്വീകരിക്കുകയും തന്റെ തെറ്റ് ഉടൻതന്നെ തിരുത്തുകയും ചെയ്യുമായിരുന്നു.

തന്റെ തെറ്റുകൾ സമ്മതിച്ച് തിരുത്തുന്നവനെ വേദപുസ്തകം "ജ്ഞാനി" എന്നും (സദൃ 9:7–9) അതിനെതിരായി തന്റെ തെററ് ചൂണ്ടിക്കാണിക്കുമ്പോൾ, കോപപ്പെടുന്നവനെ "പരിഹാസി" എന്നും വിളിക്കുന്നു. മറ്റുള്ളവർ നമ്മുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുമ്പോൾ തിരുത്തുവാനുള്ള മനസ്സോടെ കേൾക്കുകയാണെങ്കിൽ നാം ജ്ഞാനത്തിന്റെ പാതയിലൂടെ നടക്കുന്നതു കാണാം.

നാം ചെയ്യുന്ന തെറ്റുകൾ മനസ്സിലാക്കുവാൻ എന്തുചെയ്യണമെന്ന് നോക്കാം. ഇത് ഓരോരുത്തർക്കും കുറച്ച് കയ്പായി തോന്നും. എന്തു ചെയ്യാം! നമ്മുടെ രോഗം സുഖമാകണമെങ്കിൽ ഡോക്ടർ തരുന്ന ചില മരുന്നുകൾ കയ്പാണെങ്കിലും അതു കഴിക്കുക തന്നെ വേണം.

നമ്മുടെ തെറ്റുകൾ സ്വയം മനസ്സിലാക്കി തിരുത്തുവാൻ ദൈവം പല വഴികളും ഈ ലോകത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ വഴികൾ നമ്മുടെ തെറ്റുകൾ അറിയാനുള്ള കണ്ണാടികളാണ്. നമ്മുടെ മുഖത്തുള്ള അഴുക്കുകളെ കണ്ടുപിടിച്ച് അത് കഴുകുവാൻ കണ്ണാടി നമ്മെ സഹായിക്കുന്നതുപോലെ, ഈ വഴികളും നമുക്കുള്ളിലുള്ള അഴുക്കുനീക്കുവാൻ സഹായിക്കുന്നു. ഒരു വിദ്യാർത്ഥിയുടെ പോരായ്മകളെ ഒരദ്ധ്യാപകൻ കണ്ടുപിടിച്ച്, ചൂണ്ടിക്കാണിക്കുന്നതുപോലെ, താഴെ കൊടുത്തിട്ടുള്ള ചില ഉപദേശങ്ങൾ, നമ്മുടെ തെറ്റുകളെ മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്ന അദ്ധ്യാപകരായി. അവയിൽ ചില കാര്യങ്ങൾ താഴെ പറഞ്ഞിരിക്കുന്നു – ശ്രദ്ധിച്ചു വായിക്കുവിൻ.

**1. പഠിക്കുവാൻ ആവശ്യമുള്ള മനോഭാവം നമുക്കാവശ്യമാണ്. (സങ്കീ 25:4–5)**

"യഹോവേ, നിന്റെ വഴികളെ എന്നെ അറിയിക്കേണമേ; നിന്റെ പാതകളെ എനിക്കുപദേശിച്ചുതരേണമേ" (സങ്കീ 25:4–5).

മനുഷ്യൻ തെറ്റു ചെയ്യുന്നത് സ്വാഭാവികമാണ്. എന്തൊക്കെയാണ് തെറ്റുകളെന്ന് ഞാനിവിടെ വിശദീകരിച്ചു കാണിക്കുവാൻ ആഗ്രഹിക്കുന്നില്ല. എങ്കിലും പൊതുവെ ചില തെറ്റുകൾ നാം ഇടയ്ക്കിടെ ചെയ്യാറുണ്ട്. ചിലർക്ക് ഇടയ്ക്കിടെ ദേഷ്യം വരും. ആ ദേഷ്യത്തിൽ എന്തെങ്കിലുമൊക്കെ പറഞ്ഞെന്നുവരും. ധൃതിയിൽ ഒരു നുണ പറയുന്നു. പറഞ്ഞുകൂടാത്ത വാക്കുകൾ ആവശ്യമില്ലാത്ത സമയത്ത് ഉപയോഗിക്കുന്നു. മനുഷ്യൻ തെറ്റുചെയ്യുന്നതിന് ഒരവസാനവുമില്ല. നാം ചെയ്യുന്ന തെറ്റ് എന്താണെന്ന് നമുക്ക് നന്നായിട്ടറിയാം. ആ തെറ്റുകൾ കളയണമെങ്കിൽ നമ്മളെന്തു ചെയ്യണം?

**മിനി ആത്മീയ ഓപ്പറേഷന് നിങ്ങളുടെ സമ്മതം ആവശ്യമാണ് :** എന്റെ ഹൃദയത്തിൽ കാണുന്ന തെറ്റുകളെല്ലാം കളയുവാൻ എനിക്ക് ആഗ്രഹമുണ്ടായിരിക്കണം. ഓപ്പറേഷൻ ചെയ്യണമെങ്കിൽ രോഗി തന്റെ ഡോക്ടറോട് പൂർണ്ണമായി സഹകരിക്കണം. ഓപ്പറേഷൻ വേണ്ടാ എന്ന് വാശിപിടിച്ച്, വഴക്കുണ്ടാക്കുകയാണെങ്കിൽ ആശുപത്രിയിലുള്ളവർക്ക് ഓപ്പറേഷൻ വിജയിപ്പിക്കുവാൻ സാധിക്കില്ല.

ഓപ്പറേഷൻ നിങ്ങളുടെ ശരീരത്തിനുള്ളിൽ കാണുന്ന ചില ബുദ്ധിമുട്ടുകളെ മാറ്റി, നിങ്ങളുടെ ശരീരം ശരിയായി പ്രവർത്തിക്കുവാൻ സഹായിക്കുന്നതുപോലെ, നിങ്ങളിൽ കാണുന്ന ചില തെറ്റുകൾ ഇവിടെ ചൂണ്ടിക്കാണിക്കുവാനും, അത് മാറ്റുവാനും നിങ്ങളുടെ സഹകരണം ആവശ്യമാണ്. നിങ്ങളുടെ ഓരോ ദിവസത്തെ ജീവിതയാത്രയിലും, പെരുമാറ്റത്തിലും, സംസാരത്തിലും, പ്രവൃത്തിയിലും കാണുന്ന തെറ്റുകളും, കേടുപാടുകളും മാറ്റുവാൻ ശ്രമിക്കുന്നതും ഒരു മിനി ആത്മീയ ഓപ്പറേഷനാണ് എന്നു പറഞ്ഞാൽ മതിയാവില്ല. അതിന് നിങ്ങൾ പരിപൂർണ്ണ സമ്മതം തന്ന്, നല്ല മനസ്സോടുകൂടി സഹകരിക്കണം. “തന്റെ തെറ്റുകളെ ഗ്രഹിക്കുന്നവൻ ആര്?” എന്ന് ദാവീദ് (സങ്കീ 19:12) അത്ഭുതപ്പെടുന്നതിൽ നിന്നും ഒരു സത്യം മനസ്സിലാവുന്നു – അതായത് തന്റെ തെറ്റുകൾ ഗ്രഹിക്കുന്ന മനോഭാവമുള്ളവർ ഈ ലോകത്തിൽ ഏറ്റവും കുറവാണ്. ആ കുറച്ചു പേരിൽ നിങ്ങളും ഒരാളായിത്തീരട്ടെ.

എന്നിൽ എന്തു തെറ്റാണുള്ളത്? എനിക്കറിയാത്തതൊന്നുമില്ല, എന്ന് ചിലർ തർക്കിക്കാറുമുണ്ട്. സ്വന്തം തെറ്റ് മനസ്സിലാക്കുവാൻ അധികമാരും ആഗ്രഹിക്കാറില്ല. ചിലർക്കു മാത്രമേ അങ്ങനെയുള്ള മനോഭാവം ഉണ്ടാവുകയുള്ളൂ. ഇതു വായിക്കുന്ന നിങ്ങളെങ്ങനെയാണെന്ന് എനിക്കറിയില്ല. ഈ ലേഖനം തുടർന്നു വായിക്കുവിൻ.

**സോക്രട്ടീസിന്റെ ഉപദേശം :** “നിന്നെ നിനക്കുതന്നെ അറിയാം” എന്ന സോക്രട്ടീസിന്റെ ഉപദേശത്തിൽ, നിന്റെ ശരിയായ ശക്തി മാത്രമല്ല, നിന്റെ തെറ്റുകളെയും, ബലഹീതകളെയും, എന്ന അഭിപ്രായം അതിൽ കൂടിചേർന്നിരിക്കുന്നു എന്ന് കാണുന്നു. നമ്മുടെ തെറ്റുകൾ നാം മനസ്സിലാക്കുന്നതുകൊണ്ട് എന്താണ് പ്രയോജനം? ആ തെറ്റുകൾ തിരുത്തിയാൽ നമ്മുടെ ജീവിതത്തിൽ നാം ദൈവത്തിനും മറ്റുള്ളവർക്കും പ്രയോജനമുള്ളവരായിരിക്കും. ഒരു നല്ല മനുഷ്യനും ചീത്ത മനുഷ്യനുമുള്ള വ്യത്യാസം ഇതാണ് – നല്ല ശീലങ്ങളുള്ള മനുഷ്യൻ തന്റെ തെറ്റ് ഗ്രഹിക്കുന്നു; അല്ലാത്തവർ തെറ്റ് ഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നില്ല.

**ദാവീദ് Vs ശൗൽ :** ശൗൽ, ദാവീദ് ഇവർ രണ്ടുപേരെയും നമുക്കു നോക്കാം. രണ്ടുപേരും തെറ്റ് ചെയ്തിരിക്കുന്നു. ശൗൽ ചെയ്ത തെറ്റിനേക്കാൾ ദാവീദ് ചെയ്ത തെറ്റാണ് ഏറ്റവും വലുത്; ശൗൽ കൊള്ളയിൽ ആശവച്ച് യഹോവയുടെ കല്പന അനുസരിച്ചില്ല. എന്നാൽ ദാവീദ് മറ്റൊരാളുടെ ഭാര്യയെ കളങ്കപ്പെടുത്തിയ ശേഷം ആ പെണ്ണിനെ സ്വന്തമാക്കുവാൻ അവളുടെ ഭർത്താവിനെയും കൊല്ലിച്ചു. ഏറ്റവും വലിയ പാപമാണിത്. പക്ഷെ ശൗൽ ചെയ്ത തെറ്റിനെ അവൻ ഗ്രഹിക്കുകയോ, സമ്മതിക്കുകയോ ചെയ്തില്ല. പക്ഷേ, ദാവീദ് താൻ ചെയ്ത മലപോലെയുള്ള തെറ്റ് സമ്മതിക്കുകയും, ഏറ്റു പറഞ്ഞ് ക്ഷമചോദിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി ഈ രണ്ടുപേരുടെ അന്ത്യവും വിപരീതമായിരുന്നു. ശൗൽ യഹോവയാൽ കൈവിടപ്പെട്ട് യുദ്ധക്കളത്തിൽ കൊല്ലപ്പെട്ടു. ദാവീദ് യഹോവയുടെ ഹൃദയത്തിന് പ്രിയമുള്ളവനായി ഒരു പൂർണ്ണജീവിതം ജീവിച്ച് മരിച്ചു.

## 2. കാലങ്ങളും നമ്മുടെ പ്രായവും നമ്മുടെ തെറ്റുകളെ കാണിച്ചുതരുന്ന കണ്ണാടികളാണ്. (തീത്തൊ 2:2, ഇയ്യോബ് 32:7) :

പ്രായം സംസാരിക്കുകയും വയോധിക്യം ജ്ഞാനം ഉപദേശിക്കുകയും ചെയ്യട്ടെ (ഇയ്യോ 32:7). മകൻ ചെയ്യുന്ന തെറ്റ് അവൻ അച്ഛനാകുമ്പോൾ മാത്രമേ മനസ്സിലാവുകയുള്ളൂ.

ചില തെറ്റുകൾ നമുക്ക് പ്രായം കൂടുമ്പോഴാണ് ഗ്രഹിക്കുവാൻ കഴിയുന്നത്. ചെറുപ്പത്തിലും യുവത്വത്തിലും നാം ചെയ്ത തെറ്റ് – അപ്പോഴൊക്കെ ശരിയാണെന്ന് തോന്നി. എന്നാൽ കാലം കടന്നശേഷമാണ് ശരിയെന്ന് തോന്നിയതൊക്കെ, തീർത്തും തെറ്റാണെന്ന് മനസ്സിലാവുന്നത്. മകൻ ചെയ്ത തെറ്റുകൾ അവൻ അച്ഛനാകുമ്പോഴാണ് മനസ്സിലാവുന്നത്. അതിന്റേതായ പ്രായം വരുമ്പോഴാണ് ചില കാര്യങ്ങളിൽ നമുക്ക് വ്യത്യാസം തോന്നുന്നത്. നമ്മുടെ നോട്ടം ശരിയായ ഭാഗത്ത് എത്തിച്ചേരുവാൻ കാലം നല്ലൊരു അദ്ധ്യാപകനാണ്.

ഈ അഭിപ്രായത്തെയാണ് അപ്പൊസ്തലനായ പൗലൊസ് ഇങ്ങനെ എഴുതുന്നത്. "ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു, ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ ചിന്തിച്ചു; പുരുഷനായ ശേഷമോ ശിശുവിനുള്ളത് ത്യജിച്ചുകളഞ്ഞു. ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു. എന്നാൽ ഞാൻ വലുതായപ്പോൾ, എല്ലാ വിഷയങ്ങളെയും നേരിൽ മുഖാമുഖമായി കാണാം. ഒരു കാര്യം എങ്ങനെ മനസ്സിലാക്കണമെന്ന് അറിയുവാനുള്ള മനോഭാവം എനിക്ക് കിട്ടി" (1 കൊരി 13:11–2).

**കാളക്കുട്ടിക്ക് (യഹോവയെ ഭയപ്പെടും) ഭയമറിയില്ല :** "കാളക്കുട്ടിക്ക് ഭയമറിയില്ല" എന്ന പഴഞ്ചൊല്ല് എനിക്ക് ഓർമ്മ വരുന്നു. ചെറിയ പ്രായത്തിൽ, നമുക്ക് ഏതാണ് നല്ലത്? ഏതാണ് നല്ലതല്ലാത്തത്? പാപമേത്? പുണ്യമേത്? എന്നൊന്നും മനസ്സിലാക്കുവാൻ കഴിയുകയില്ല എന്നു പറയാം. ഞാൻ സ്ക്കൂളിൽ പഠിക്കുന്ന കാലത്ത് ഹോസ്റ്റലിൽ താമസിച്ചിരുന്നപ്പോൾ, ഞാനൊരുപാടു വൃത്തികെട്ട വാക്കുകൾ സംസാരിക്കുമായിരുന്നു. ആ പ്രായത്തിൽ ഇങ്ങനെ സംസാരിക്കുന്നത് തെറ്റാണെന്ന് എനിക്ക് അറിയില്ലായിരുന്നു. പഠിക്കുവാൻ എന്റെ ക്ലാസ്സിൽ ഞാൻ ഒന്നാമനായിരുന്നു. അതുപോലെ കുസൃതിയിലും ഒന്നാമനായിരുന്നു.

പല പ്രാവശ്യം എന്റെ തെറ്റിൽ എന്നെ ബഞ്ചിന്റെ മുകളിൽ കയറ്റി നിർത്തിയിട്ടുണ്ട്. കാരണം ഇതൊക്കെ തെറ്റാണെന്ന് എനിക്ക് അന്നൊന്നും അറിയില്ലായിരുന്നു. പിന്നീട് ഒരു ദിവസം ഞങ്ങളുടെ ഒരു ബന്ധുവിലൂടെയും, കൂട്ടുകാരനിലൂടെയും ഇങ്ങനെ ചെയ്യുന്നത് തെറ്റാണെന്ന് മനസ്സിലാക്കി. നന്നായി പഠിക്കുന്നതിനേക്കാൾ, നല്ല വിദ്യാർത്ഥി എന്നു പേരു നേടുന്നതാണ് ഏറ്റവും പ്രധാനം. ചീത്തകുട്ടിയെന്ന് പേരു നേടാൻ വളരെ എളുപ്പമാണ്. പക്ഷേ നല്ല കുട്ടിയെന്നു പേരു കേൾക്കാൻ വളരെ പ്രയാസമാണ് എന്ന ഉപദേശം എന്റെ കണ്ണുകളെ തുറന്നു.

സ്നേഹിതാ, നീ സ്ക്കൂളിൽ പഠിച്ചു കഴിഞ്ഞ് കോളേജിലേക്ക് പോയാൽ, ഇതുപോലെ നീ സംസാരിക്കരുത്; അത് നല്ല ശീലങ്ങളല്ല എന്നു പറഞ്ഞ എന്റെ കൂട്ടുകാരന്റെ വാക്കുകളാണ്, എന്റെ തെറ്റ് മനസ്സിലാക്കി തന്നത്. അപ്പോൾ എനിക്ക് 15 വയസ്സാണ്. പിന്നീട് എന്റെ 16–ാമത്തെ വയസ്സിൽ കോളേജിൽ പി.യു.സി പഠിക്കുവാൻ തുടങ്ങിയപ്പോൾ എന്റെ സംസാരം, എന്റെ പെരുമാറ്റം, അങ്ങനെ എല്ലാ ശീലങ്ങൾക്കും നല്ലൊരു മാറ്റം സംഭവിച്ചു. ചീത്തവാക്ക്, അനുസരണയില്ലാത്ത വാക്ക് സംസാരിക്കുന്നതൊക്കെ നിർത്തി. അച്ചടക്കത്തോടുകൂടി പെരുമാറുവാൻ ശീലിച്ചു. കാരണം ഒരു വ്യക്തി എന്റെ തെറ്റുകളെ വേണ്ട സമയത്ത് ചൂണ്ടിക്കാണിച്ചതുകൊണ്ടാണ്. ഇതു വായിക്കുന്ന നിങ്ങൾ ചെറുപ്പക്കാരായിക്കും, മദ്ധ്യവയസ്സുള്ളവരായിക്കും, പ്രായത്തിൽ മൂത്തവർ നിങ്ങളുടെ തെറ്റുകളെ ചൂണ്ടിക്കാണിക്കുവാൻ അനുവദിക്കുവിൻ.

**നല്ല പശുവിന് ഒരു ചൂട്, എന്നാൽ ഏലിയുടെ പുത്രന്മാർക്ക് കുറെയധികം ചൂട് :** ഏലിയുടെ പുത്രന്മാർ : അതായത് ഇപ്പോഴുള്ള ബിഷപ്പിന് തുല്യം. എന്നാൽ ഏലിയുടെ മക്കൾ യഹോവയ്ക്കു സമർപ്പിക്കുന്ന വഴിപാടിനെയെല്ലാം ദുഷ്പ്രയോഗം ചെയ്യുമായിരുന്നു. ഈ ഏലിയുടെ പുത്രന്മാരുടെ പാപം യഹോവയുടെ സന്നിധിയിൽ ഏറ്റവും വലുതായിരുന്നു എന്ന് വേദപുസ്തകം പറയുന്നു (1 ശമു 2:17). ഏലിയുടെ പുത്രന്മാർ വഴിപാടുകളെ നിന്ദിച്ചതുമാത്രമല്ല സമാഗമന കൂടാരത്തിന്റെ വാതിൽക്കൽ സേവ ചെയ്യുന്ന സ്ത്രീകളോട്, തെറ്റായ രീതിയിൽ പെരുമാറുകയും ചെയ്തു. ഇതു കേട്ട ഏലി തന്റെ പുത്രന്മാരെ വിളിച്ച് "എന്റെ മക്കളേ, അങ്ങനെ അരുത്" എന്ന് ഉപദേശിച്ചു. എന്നാൽ അവരോ അപ്പന്റെ വാക്കു കൂട്ടാക്കിയില്ല. ഇതിന്റെ ഫലമായി യഹോവ അവരെ കൊല്ലുവാൻ നിശ്ചയിച്ചു. നല്ല പശുവിനല്ലേ ഒരു ചൂട്.

ഇതു വായിക്കുന്ന യുവാക്കളേ, യുവതികളേ, നിന്നെ പ്രസവിച്ച അമ്മയുടെ വാക്കുകളെ, അവരുടെ ഉപദേശത്തെ നിരസിക്കുന്നുവോ? നിന്റെ നന്മയ്ക്കു വേണ്ടിയാണ് അവർ പറയുന്നത്. "നന്നായി പഠിക്ക്, നാടു ചുറ്റാതെ, ചീത്തകൂട്ടുകെട്ടു വേണ്ട, വീട്ടിലേക്കു വരുവാൻ വൈകരുത്, സിനിമയ്ക്കു പോകരുത്, പുകവലിക്കരുത്, മദ്യം കഴിക്കരുത്, ചീത്ത പുസ്തകങ്ങൾ വായിക്കരുത്, ചീത്ത വാക്കുകൾ സംസാരിക്കരുത്, മോഹിക്കുന്ന വീഡിയോ ചിത്രങ്ങൾ കാണരുത്, എന്തെങ്കിലും ജോലിക്കു പോ, വീട്ടിൽ വെറുതെയിരുന്ന് സമയം കളയരുത്. പള്ളിയിലേക്കു പോകണം. പ്രാർത്ഥനാ യോഗത്തിനു പോകൂ. പണം അനാവശ്യമായി ചെലവഴിക്കുരത്. ഉത്തരവാദിത്വത്തോടുകൂടി നീ ജീവിക്കണം."

ഞാൻ മുകളിൽ എഴുതിയിരിക്കുന്ന ഇതേ ഉപദേശം തന്നെയാണ് വേദപുസ്കത്തിൽ ശലോമോനും പറയുന്നത്: "മകനേ, നിന്റെ ഹൃദയത്തെ നേർവഴിയിൽ നടത്തിക്കൊൾക; വീഞ്ഞു കുടിക്കുന്നവരുടെ കൂട്ടത്തിലും ഭോജനപ്രിയരുടെ ഇടയിലും ഇരിക്കരുത്. നിന്നെ ജനിപ്പിച്ച അപ്പന്റെയും, അമ്മയുടെയും വാക്കു കേൾക്ക; അവരുടെ ഉപദേശങ്ങളെ നിരസിക്കരുത്." (സദൃ 23:19–22).

**രെഹബെയാം ചെയ്ത തെറ്റ് :** ശൗൽ, ദാവീദ്, ശലോമോൻ എന്നിവർ മൂന്നുപേരുടെയും ഭരണകാലത്ത് യിസ്രായേലിലെ 12 ഗോത്രങ്ങളും ഒരു ദേശമായിരുന്നു. എന്നാൽ ശലോമോന്റെ മകൻ രെഹബെയാം രാജ്യഭരണത്തിന് വന്നപ്പോൾ, രാജ്യം രണ്ടായി പിരിഞ്ഞു. അതിന്റെ പ്രധാന കാരണം രെഹൊബെയാമിന്റെ യൗവ്വനക്കാരായ കൂട്ടുകാരാണ്.

നുക(കര) ത്തിന്റെ ഭാരം കുറച്ചുതരേണമെന്ന് ജനങ്ങൾ ബഹളം വച്ചപ്പോൾ, ജനങ്ങൾക്ക് വിധിച്ചിട്ടുള്ള ഭാരം കുറയ്ക്കാണോ? വേണ്ടയോ? എന്ന് രെഹബെയാം രാജാവ്, വൃദ്ധന്മാരോടും, തന്റെ പ്രായമുള്ള യൗവ്വനക്കാരോടും ആലോചിച്ചു. വൃദ്ധന്മാർ ഭാരം കുറയ്ക്കണം എന്ന ആലോചന പറഞ്ഞു. കാരണം ഭാത്തിന്റെ വേദന വൃദ്ധന്മാർക്കേ അറിയുകയുള്ളൂ. യൗവ്വനക്കാർക്ക് അറിയില്ല. വൃദ്ധന്മാർ അവനുകൊടുത്ത ആലോചന അവൻ ത്യജിച്ചുകളഞ്ഞു. തന്നോടൊപ്പം വളർന്ന യൗവ്വനക്കാരുടെ ആലോചന അനുസരിച്ചു. "എന്റെ അപ്പൻ ചമ്മട്ടിക്കൊണ്ടു നിങ്ങളെ ദണ്ഡിപ്പിച്ചു; ഞാനോ തേളുകളെക്കൊണ്ടു നിങ്ങളെ ദണ്ഡിപ്പിക്കും." എന്ന കഠിനമായ മറുപടി ജനങ്ങൾക്കു കൊടുത്തു. അതുകൊണ്ടാണ് ഒന്നായിരുന്ന രാജ്യം: യിസ്രായേൽ, യെഹൂദാ എന്ന് രണ്ടായി പിരിഞ്ഞത് (ഒന്നായിരുന്ന ഇന്ത്യാമഹാരാജ്യം) ഇന്ത്യാ, പാകിസ്ഥാൻ എന്ന് രണ്ടായി പിരിഞ്ഞതുപോലെ.

**യൗവ്വനക്കാർക്കുള്ള കുഴപ്പങ്ങൾ :** അനേകം ബാല്യക്കാരെ ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്, യൗവ്വനത്തിൽ – അവരുടെ അച്ഛനും അമ്മയും പറയുന്ന ആലോചനയെക്കാളും തന്റെ കൂട്ടുകാർ പറയുന്ന ആലോചനയെയാണ് ഇഷ്ടപ്പെടുന്നത്. ഇതിനെയാണ് ചിലർ പ്രായക്കുഴപ്പങ്ങൾ എന്നു വിളിക്കുന്നത്. ദുർന്നടപ്പുകാരനായ പുത്രന്റെ കഥയിൽ (ലൂക്കൊസ് 15–13) പ്രായക്കുഴപ്പം കൊണ്ടാണ് ഇളയമകൻ അപ്പന്റെ വീടുവിട്ട് പുറത്തുപോയി തന്നിഷ്ടമായി ജീവിച്ചത്. പണമെല്ലാം ചെലവഴിച്ച് അവസാനം പന്നിമേയ്ച്ച്, ആ പന്നി തിന്നുന്ന വാളവരകൂടി കിട്ടാതെ ദുഃഖിക്കുന്നു. ഇങ്ങനെയുള്ള സാഹചര്യത്തിൽ എല്ലാവരും പിരിഞ്ഞുപോയി. ഒറ്റപ്പെട്ടപ്പോഴാണ് അവന് ബുദ്ധി തെളിയുന്നതും തന്റെ അപ്പന്റെ വീട് ഓർക്കുന്നതും. വെയിലത്ത് അലഞ്ഞാൽ മാത്രമേ, തണലിന്റെ സുഖമറിയുകയുള്ളൂ.

ഇതു വായിക്കുന്ന എന്റെ സുഹൃത്തേ ഈ വാർത്ത നിനക്കു തന്നെയാണ്. ബാല്യത്തിൽ പ്രായക്കുഴപ്പം കൊണ്ട് – തല്ക്കാലം ചില തെറ്റുകൾ ചെയ്തുകൊണ്ടിരിക്കുന്നു. അതുകൊണ്ട് നിന്റെ കുടുംബത്തിൽ സമാധാനമില്ലാതായി; നിന്റെ മര്യാദയും അഭിമാനവും നശിച്ചുകൊണ്ടിരിക്കുന്നു. നിന്റെ മാതാപിതാക്കൾ പറയുന്നത് അനുസരിക്ക്, നിന്റെ നന്മയ്ക്കുവേണ്ടി മാത്രമേ അവർ പറയുകയുള്ളൂ. നിന്നെക്കാൾ പ്രായക്കൂടുതലുള്ളവരുടെ വാക്കുകൾ കേൾക്കുക.

ശലോമോന്റെ മകൻ രെഹബെയാം വൃദ്ധന്മാരുടെ ആലോചന ത്യജിച്ചുകളഞ്ഞ്, ബാല്യക്കാരുടെ ആലോചന അനുസരിച്ചതുകൊണ്ടാണ് ദാവീദ് ഭരിച്ച രാജ്യം രണ്ടായി പിരിഞ്ഞത്. അതുപോലെ നിന്റെ കൂട്ടുകാരുടെ ആലോചന കേട്ട് തുടരുകയാണെങ്കിൽ നിന്റെ കുടുംബവും പിരിഞ്ഞേക്കും. ഒരു അപകടകരമായ സാഹചര്യം ഉണ്ടാവാനിടയുണ്ട്. (നിന്റെ കുടുംബം എന്ന ദാവീദിന്റെ രാജ്യത്തിന് നീ ഒരു രെഹൊബെയാമായി മാറരുത്)

"നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും അപ്പനെയോ അമ്മയെയോ പ്രാകുന്നവൻ മരിക്കേണം" എന്നും വേദപുസ്തകം കഠിനമായ അറിയിപ്പു നൽകുന്നു (മർക്കൊസ് 7:10).

## 3. നമ്മളോടു പെരുമാറുന്നവരും, നമ്മുടെ സാഹചര്യങ്ങളും നമ്മുടെ തെറ്റുകളെ ചൂണ്ടിക്കാണിക്കുന്നു

കഴുത വഴിയിൽ നിന്നും മാറി വയലിലേക്കു പോയി. കഴുതയെ ബിലെയാം വീണ്ടും അടിച്ചു. കഴുത മതിലരികെ ഒതുങ്ങി, ബിലെയാമിന്റെ കാൽ മതിലോടു ചേർത്തു ഞെക്കി; വീണ്ടും ബിലെയാം കഴുതയെ അടിച്ചു. കഴുത മാറുവാൻ വഴിയില്ലാതെ അവിടെ കിടന്നു (സംഖ്യ 22:23–27).

**നമ്മുടെ ജീവിതത്തിന്റെ സാഹചര്യങ്ങളെ ദൈവം മണിമുഴക്കമായി പ്രയോഗിക്കുന്നു :** ചില സന്ദർഭങ്ങളിലൂടെ നമ്മുടെ തെറ്റ് ചൂണ്ടിക്കാണിക്കുന്നു – എന്ന സത്യത്തിന് ബിലെയാമിന്റെ കഴുത നമുക്ക് നല്ലൊരു മാതൃകയാണ്. നമുക്ക് മുന്നറിയിപ്പു നൽകുന്നതിനും, നമ്മുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നതിനും, യഹോവ നമുക്കു ചുറ്റുമുള്ള സാഹചര്യങ്ങളെ ഒരു ദൂതനെപ്പോലെ അയയ്ക്കുന്നു. ആകാശത്ത് കാർമേഘങ്ങൾ വരുമ്പോൾ മഴ വരുമെന്ന് നാം മനസ്സിലാക്കുന്നു. അതുപോലെ നമുക്ക് മുന്നറിയിപ്പ് നൽകുന്നതിന് നമ്മുടെ സാഹചര്യങ്ങളെ ദൈവം മണിമുഴക്കമായി മാറ്റുന്നു.

എന്റെ കൂട്ടുകാരൻ, വേദനിപ്പിക്കുന്ന ഒരു സംഭവം എന്നോട് പങ്കുവെച്ചു. മധ്യവയസ്സുള്ളവരായ ഒരു സഹോദരനും ഭാര്യയും ധൃതിപിടിച്ച് നാട്ടിലേക്ക് യാത്രയായി. അതും മോട്ടോർ സൈക്കിളിൽ. രണ്ടുപേരും 100 കി.മീ. അകലെയുള്ള നാട്ടിലേക്ക് രാത്രി 7 മണിക്കുശേഷം ധൃതിയിൽ യാത്രയായി. അടുത്തുള്ള കൂട്ടുകാർ പലരും അവരോടു പോകരുത്, പിറ്റേദിവസം കാലത്ത് പോകാമെന്നു പറഞ്ഞ്, തടഞ്ഞു. ഇങ്ങനെ കുറേപർ തടസ്സം പറഞ്ഞിട്ടും കേൾക്കാതെ യാത്ര പോയ അവർ പോകുന്ന വഴിയിൽ ഒരു അപകടത്തിൽപ്പെട്ട് രണ്ടുപേരും മരിച്ചുപോയി. സ്ക്കൂളിൽ പഠിച്ചുകൊണ്ടിരിക്കുന്ന രണ്ട് പെൺകുട്ടികൾ അവർക്കുണ്ട്. എടുത്തുചാട്ടക്കാരന് ബുദ്ധിക്കുറവ് മാത്രമല്ല ആയുസ്സും കുറവായിരിക്കും.

കുറേപേർ നല്ലപോലെ ആലോചന പറയുകയാണെങ്കിൽ അത് നിരസിക്കുന്നത് അപകടത്തിൽ അവസാനിക്കും.

അപകടത്തിൽപ്പെട്ട് മരിച്ചുപോയ ദമ്പതികളെ, ദൈവം, രാത്രി എന്ന സാഹചര്യത്തിലൂടെയും കൂട്ടുകാർ എന്ന ദൂതന്മാരെപ്പോലെയും മുന്നറിയിപ്പു നൽകുന്നു. തെറ്റ് ചെയ്യാതിരിക്കുവിൻ എന്ന് ദൈവം മണിമുഴക്കമിടുന്നു. എന്നാൽ ആ മുന്നറിയിപ്പ് അവർ രണ്ടുപേരും നിരസിച്ചുകളഞ്ഞു. അതിന്റെ ഫലം – മരണം – മക്കൾ അനാഥകളുമായി, എത്ര കഷ്ടം! നാം ഒരു കാര്യം ചെയ്യുമ്പോൾ, അത് കുറേപേർക്ക് തെറ്റായി തോന്നുകയാണെങ്കിൽ, അത് ഒഴിവാക്കാൻ കഴിയുമെങ്കിൽ ഒഴിവാക്കുകയാണ് ഏറ്റവും നല്ലത്. നാട്ടുകാരുടെ വായിൽ നിന്നും ശാപവാക്കുകൾ കേൾക്കരുത്. അനേകം പേർ ഒരു വിഷയത്തെ തെറ്റാണെന്ന് പറഞ്ഞാൽ അത് തെറ്റായിരിക്കണമെന്ന് നിർബന്ധമില്ല; നിയമവുമില്ല; എങ്കിലും ആ വാക്കുകളിൽ കാര്യമില്ലാതില്ല. അത് വാസ്തവത്തിൽ തെറ്റായിരുക്കുവാൻ ഏറെ സാധ്യതകളുണ്ട്. ഇല്ലെന്നു പറയുവാൻ ആർക്കും സാധ്യമല്ല. സാഹചര്യങ്ങളിലൂടെയും, കൂട്ടുകാരിലൂടെയും ബന്ധുക്കളിലൂടെയും ദൈവം ഇന്നും നമ്മോടു സംസാരിക്കുന്നു.

ബിലെയാം പ്രവാചകനെ നോക്കുവിൻ, യിസ്രായേൽ ജനങ്ങളെ ശപിക്കുവാനായി ബാലാക്ക് എന്ന മോവാബ് രാജാവ്, ബിലെയാമിനോട് ചോദിക്കുന്നു. ആരെയും, ഏതൊരു കാര്യത്തിനും, നമ്മുടെ ശത്രുവിനെപ്പോലും ശപിക്കുന്നത് നമ്മുടെ പ്രവൃത്തിയല്ല. ഇതെല്ലാവർക്കും അറിയാവുന്നതാണ്. ഈ സാധാരണ കാര്യം ബിലെയാം എന്ന പ്രവാചകന് അറിയാതിരുന്നതിൽ അത്ഭുതമുണ്ട്. എന്തെന്നാൽ ഈ ബിലെയാം പണമോഹം കൊണ്ട് മുമ്പോട്ടു തള്ളപ്പെടുന്നു. ബാലാക്ക് രാജാവ് തരുന്ന, പണത്തെ മോഹിച്ച്, ഒരുങ്ങിയിറങ്ങുന്നു. തന്റെ യജമാനൻ എടുത്ത തീരുമാനം ശരിയല്ലെന്നു മനസ്സിലാക്കിയ കഴുത തന്റെ യജമാനനെ തടയുവാനായി ചില സൂത്രങ്ങളും ബുദ്ധിയും പ്രയോഗിക്കുന്നു. തന്റെ യജമാനന്റെ കാലുകളെ മതിലിൽ കൊണ്ടുപോയി ഞെക്കുന്നു. അവന്റെ കാൽ ചതയുന്നു. പിന്നീട് ഏറ്റവും വീതി കുറഞ്ഞ വഴിയിലൂടെ പോകുന്നു. എന്നിട്ടും കഴുതയുടെ എല്ലാ ശ്രമവും വിഫലമായി. ഈ സാഹചര്യങ്ങളിലൂടെ യഹോവ ഉറക്കെ ശബ്ദിച്ച് ബിലെയാമിനോട് സംസാരിച്ചു. എന്നാൽ അവന്റെ ചെവി മന്ദമായി മാറിയിരുന്നു.

ബിലെയാമിനോട് യഹോവ കഴുതയിലൂടെ സംസാരിച്ചതുപോലെ, നമുക്കും ചില മൃഗങ്ങളിലൂടെ, അല്ലെങ്കിൽ ചില കൂട്ടുകാരിലൂടെ പറഞ്ഞുതരുന്നു. അത് കേൾക്കുവാൻ നാം തയ്യാറായിരിക്കണം. നയമാൻ എന്ന അരാം രാജാവിന്റെ സേനാപതിയോടു അവന്റെ വീട്ടുജോലി ചെയ്തുകൊണ്ടിരിക്കുന്ന ഒരു വേലക്കാരി പെൺകുട്ടിയിലൂടെ ദൈവം സംസാരിക്കുന്നു.

അതു മാത്രമല്ല, യോർദ്ദാനിൽ പോയി നീ ഏഴുപ്രാവശ്യം കുളിക്ക എന്ന എലീശാ പറഞ്ഞപ്പോൾ, സേനാപതിക്ക് ക്രോധം വന്നു. ഇതിനു വേണ്ടിയാണോ ഞാനിത്രയും ദൂരം യാത്ര ചെയ്തുവന്നത്. ഞങ്ങളുടെ നാട്ടിൽ യോർദ്ദാനെക്കാൾ വലിയ പുഴയില്ലയോ? എന്നിങ്ങനെ ക്രോധിച്ച് ഏലീശയുടെ വാക്കുകൾ അനുസരിച്ചില്ല.

ഈ സമയം നയമാന്റെ ഭൃത്യന്മാരിൽ ഒരാൾ നയമാനോടായി പറഞ്ഞു : "ആ പ്രവാകൻ നിങ്ങളോട് ഒരു വലിയ കാര്യം ചെയ്യാൻ പറഞ്ഞിരുന്നെങ്കിൽ അത് നിങ്ങൾ ചെയ്തിട്ടുണ്ടാവു

മല്ലോ? അദ്ദേഹം പറഞ്ഞതു യോർദ്ധാനിൽ പോയി കുളിക്കണം എന്ന ചെറിയകാര്യം ചെയ്യുവാൻ മടികാണിക്കരുത്.” ഈ നല്ല ആലോചന, നയമാൻ പണം കൊടുത്തു ചെയ്യാനിരുന്ന ഒരു വലിയ തെറ്റിൽ നിന്നും തടഞ്ഞു നിർത്തി (2 രാജാ 5:14).

തക്കസമയത്ത് പറഞ്ഞ വാക്ക് വെള്ളിത്താലത്തിൽ പൊൻ നാരങ്ങാ പോലെയാണ്. (സദൃ 25:11).

ഇവിടെ കണ്ടോ ഒരു വലിയ നാടിന്റെ രാജസേനാപതിയുടെ തെറ്റ് ഒരു സാധാരണഭൃത്യന്മാർ ചൂണ്ടിക്കാണിക്കുന്നു.

**ദാവീദിന്റെ തെറ്റു ചൂണ്ടിക്കാണിച്ച അബീഗയിൽ :** ദാവീദ് ശൗലിനെ ഭയന്നു ഓടിയൊളിച്ച് കാട്ടിലും, മലയിലും ജീവിച്ചുകൊണ്ടിരുന്നു. ആ കാലഘട്ടങ്ങളിൽ ദാവീദ്, അനേകം പേർക്ക് ജോലി ചെയ്തു ജീവിക്കേണ്ടിയിരുന്നു. അവരിലൊരാളാണ് നാബാൽ. നാബാലിന്റെ ആടുകളെയും മാടുകളെയും കൊള്ളക്കാരിൽ നിന്നും രാവും പകലും കാത്തു സംരക്ഷിച്ചു. അതിന് കൂലി ചോദിച്ച് ചിലരെ നാബാലിനടുത്തേക്ക് പറഞ്ഞയച്ചു. പക്ഷേ നാബാൽ കൂലികൊടുക്കുന്നതിനു പകരം അവരെ പരിഹസിച്ച് സംസാരിക്കുകയും ചീത്തവിളിക്കുകയും കൂലി കൊടുക്കാതെ പറഞ്ഞുവിടുകയും ചെയ്തു. ഇതുകേട്ട ദാവീദ് ക്രോധംകൊണ്ട് വില്ലിൽ നിന്നും വരുന്ന അമ്പുപോലെ നാബാലിനെ കൊല്ലുവാനായി വേഗം വന്നുകൊണ്ടിരുന്നു. ഇതു കേട്ടറിഞ്ഞ നാബാലിന്റെ ഭാര്യ അബിഗയിൽ “ജ്ഞാനമുള്ള സ്ത്രീ തന്റെ വീട് നിർമ്മിക്കുന്നു” എന്ന വചനപ്രകാരം, തന്റെ വീട്ടിലുള്ള കുറേ ആഹാരസാധനങ്ങളും പണവും എടുത്തുകൊണ്ട്, ദാവീദിന്റെ ക്രോധത്തെ ശമിപ്പിക്കുവാൻ ഒരുങ്ങി. വഴി തടഞ്ഞ് അവന്റെ കാലിൽ വീണു. അവളുടെ ഭർത്താവ് ചെയ്ത തെറ്റിനുവേണ്ടി ക്ഷമ ചോദിക്കുകയും, കാഴ്ച സമർപ്പിക്കുകയും ചെയ്തു. ആ ദിവസം ദാവീദ് ചെയ്യുവാനൊരുങ്ങിയ ഏറ്റവും വലിയ തെറ്റിൽ നിന്നും ദാവീദിനെ തടഞ്ഞു നിർത്തി.

ക്രോധമുള്ളവന് ബുദ്ധി കുറവ്. ക്രോധം കണ്ണുകളെ മൂടും. ദാവീദിനു മാത്രമല്ല നമുക്കും ഇടയ്ക്കിടെ ഇതുതന്നെയാണ് സംഭവിക്കുന്നത്. ആ സമയത്ത് ദാവീദ് അബീഗയിലിനെ നോക്കി, എന്നെ എതിരേല്പാൻ നിന്നെ ഇന്ന് അയച്ചിരിക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവയ്ക്കു സ്തോത്രം. രക്തപാതകവും, സ്വന്തം കയ്യാൽ പ്രതികാരവും ചെയ്യാതവണ്ണം, എന്നെ ഇന്നു തടുത്തിരിക്കുന്ന നീയും അനുഗ്രഹിക്കപ്പെട്ടവൾ (1 ശമു 25:2–35) എന്ന് നന്ദി പറഞ്ഞു.

നിങ്ങൾ ദേഷ്യപ്പെട്ടിരിക്കുമ്പോൾ നിങ്ങളുടെ ഭാര്യ എന്തെങ്കിലും ആലോചന പറഞ്ഞാൽ, അവർ പറയുന്നത് എന്താണെന്ന് ക്ഷമയോടുകൂടി കേൾക്കുവിൻ. അത് ചിലപ്പോൾ നിങ്ങൾക്ക് വളരെ പ്രയോജനമുള്ളതായിരിക്കും. തക്കസമയത്ത് പറഞ്ഞ വാക്ക് വെള്ളിത്താലത്തിൽ പൊൻനാരങ്ങാ പോലെ മൃദുവായ, ശാന്തമായ, ക്ഷമയോടുകൂടിയുള്ള മറുപടി, ക്രോധത്തിന്റെ മൂർച്ചയെ ശമിപ്പിക്കുന്നു എന്ന ശലോമോന്റെ വാക്ക് (സദൃ 15:1) അബിഗയിൽ ദാവീദിനെ കണ്ടുമുട്ടുന്നതുകൊണ്ട് നൂറുശതമാനം പ്രതിഫലിക്കുന്നു.

ഇതുവായിക്കുന്ന നിങ്ങളും ദേഷ്യത്തിന്റെ അങ്ങേയറ്റത്തിൽ ചെയ്യാനിടവരുന്ന ഇതുപോലെയുള്ള തെറ്റുകളെ മറ്റുള്ളവർ ചൂണ്ടിക്കാണിക്കുവാൻ, ദയവായി അനുവദിക്കുവിൻ. ആരുടെ

ആലോചനയും എനിക്കു കേൾക്കേണ്ട എന്നു പറയരുത്. അങ്ങനെ നിങ്ങളെത്തന്നെ പറഞ്ഞാൽ നിങ്ങൾ തന്നെ നിങ്ങളുടെ തലയിൽ മണ്ണുവാരിയിടുന്നതിനു തുല്യമാണ് എന്നത് മറക്കരുത്.

**ദാവീദിന്റെ തെറ്റുകളെ ചൂണ്ടിക്കാണിച്ച നാഥാൻ പ്രവാചകൻ :** ദാവീദു ചെയ്ത വേറൊരു വലിയ തെറ്റ് ഊരിയാവിന്റെ ഭാര്യയെ തനിക്ക് സ്വന്തമാക്കുവാൻ തീരുമാനിച്ച് അവളുടെ ഭർത്താവിനെ യുദ്ധക്കളത്തിൽ വാളുകൊണ്ട് വെട്ടിക്കൊന്നു. ഈ തെറ്റ് ചൂണ്ടിക്കാണിക്കുവാൻ നാഥാൻ എന്ന ധൈര്യമുള്ള പ്രവാചകൻ ദാവീദിന്റെ കൊട്ടാരത്തിലേക്കു പോയി. ദാവീദിനോട് ഒരു ഉപമ പറഞ്ഞിട്ട് നീ തന്നെയാണ് ആ മനുഷ്യൻ എന്നു പറഞ്ഞു.

ദൈവത്തിന്റെ കൺമുമ്പിൽ ദുഷ്പ്രവൃത്തി ചെയ്തു ഹിത്യനായ ഊരിയാവിന്റെ ഭാര്യയെ സ്വന്തമാക്കുവാൻ വേണ്ടി അവനെ യുദ്ധക്കളത്തിൽ വെട്ടിക്കൊല്ലിച്ചു. വാൾ നിന്റെ ഗൃഹത്തെ ഒരിക്കലും വിട്ടുമാറുകയില്ല. മറ്റൊരുത്തന്റെ ഭാര്യയെ നീ രഹസ്യത്തിൽ നശിപ്പിച്ചു. നിന്റെ ഭാര്യമാരെ മറ്റൊരാൾ സൂര്യന്റെ വെട്ടത്ത് യിസ്രായേലിലെ ജനങ്ങളുടെ മുമ്പിൽ ശയിക്കും എന്നു പറഞ്ഞു ശപിക്കുന്നു.

എത്ര ഭയങ്കരമായ വാക്കുകൾ. ഒരു സാധാരണ പ്രവാചകൻ രാജാവിനോട് അവന്റെ തെറ്റ് ധൈര്യത്തോടെ വിളിച്ചുപറഞ്ഞു. ഈ നാഥാന് എത്ര ധൈര്യം! ഈ സ്ഥാനത്ത് നാഥാൻ പ്രവാചകൻ മാർട്ടിൻ ലൂദറെയും കടന്നുപോയി.

ഇതുപോലെയുള്ള പദവിയിലുള്ളവരുടെ തെറ്റുകളെ ധൈര്യമായി ആരെങ്കിലും വിളിച്ചു പറഞ്ഞാൽ അന്നു അവരെയൊക്കെ ക്ഷണം, ക്ഷണമായി വെട്ടിമുറിക്കുമായിരുന്നു. പക്ഷേ ദാവീദ് അങ്ങനെയൊന്നും ചെയ്യുന്നില്ല. ഇതുപോലെയുള്ള സാഹചര്യത്തിലാണ് – നമ്മുടെ തെറ്റുകളെ ആരെങ്കിലും ചൂണ്ടിക്കാണിക്കുമ്പോൾ നമ്മുടെ യഥാർത്ഥ സ്വഭാവം പ്രത്യക്ഷപ്പെടുന്നത്. ഇവിടെ ദാവീദ് നാഥാന്റെ കഠിനമായ വാക്കുകൾ കേൾക്കുമ്പോൾ തന്നെ തന്റെ തെറ്റ് ഗ്രഹിക്കുന്നു. സമ്മതിച്ചു ക്ഷമചോദിക്കുന്നു.

ഇതാണ് ദാവീദിനും ശൗലിനുമുള്ള വ്യത്യാസം. ശൗൽ ചെയ്ത തെറ്റിനേക്കാൾ, ദാവീദ് ചെയ്ത പാപമാണ് ഏറ്റവും വലുത്. എന്നാൽ ദാവീദ് ചെയ്ത തെറ്റ് സമ്മതിക്കുന്നു. ശൗൽ, താൻ ചെയ്ത തെറ്റ് സമ്മതിക്കാൻ മനസ്സില്ലാതെ, ന്യായീകരിക്കുന്നു. അമാലേക്യരെ തോല്പിച്ച് അവർക്കുള്ളതൊക്കെയും നശിപ്പിച്ച് ഇല്ലാതാക്കുന്നതിനു പകരം മേൽത്തരമായ ആടുകളെയും, പശുക്കളെയും ജീവനോടെ സൂക്ഷിച്ചു. അവയെല്ലാം യഹോവയ്ക്ക് വേണമെന്ന് പറഞ്ഞ് തന്റെ തെറ്റിനെ ന്യായീകരിക്കുവാൻ ശ്രമിക്കുന്നു.

നിങ്ങളും ഞാനും എങ്ങനെയാണ്? ശൗലിനെപ്പോലെയോ? അതോ ദാവീദിനെപ്പോലെയോ? നമ്മുടെ തെറ്റുകളെ മനസ്സിലാക്കി ദൈവത്തോട് ക്ഷമചോദിച്ച് ജീവിതത്തിൽ മുന്നേറാം. നിങ്ങൾ ചെയ്യുന്ന തെറ്റ് – നിങ്ങളുടെ കൂട്ടുകാരോ, ബന്ധുക്കളോ, ഭാര്യയോ, പാസ്റ്ററോ ചൂണ്ടിക്കാണിക്കുകയാണെങ്കിൽ അത് സമ്മതിക്കണം. അതു മാത്രമല്ല, നിങ്ങളുടെ ചുറ്റുപാടിലൂടെയും ദൈവത്തിന് നിങ്ങളുടെ തെറ്റുകളെ മനസ്സിലാക്കി തരുവാൻ കഴിയും. അതിന് അനുവദിക്കുവിൻ.

## 4. വേദവചനം (എബ്രായർ 4:12) നമ്മുടെ തെറ്റുകളെ വിളിച്ചുപറയുന്ന ഒരു ഉരകല്ലാണ്

ഈ വാക്കുകൾ ജനങ്ങൾ കേട്ടിട്ട് അവരുടെ ഹൃദയത്തിൽ കുത്തപ്പെട്ടു. (അപ്പൊ 2:37).

എന്നാൻ അവൻ നീതി, ഇന്ദ്രിയജയം, വരുവാനുള്ള ന്യായവിധി എന്നിവയെക്കുറിച്ച് സംസാരിക്കുമ്പോൾ ഫേലിക്സ് ഭയപരവശനായി തല്ക്കാലം പോകാം. അവസരമുള്ളപ്പോൾ നിന്നെ വിളിപ്പിക്കാം എന്നു പറഞ്ഞു (അപ്പൊ 25:25).

“കോഴികൂകും മുമ്പെ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും” എന്ന യേശു പറഞ്ഞ വാക്ക് പത്രോസ് ഓർത്തു. പുറത്തുപോയി അതിദുഃഖത്തോടെ കരഞ്ഞു. (മത്തായി 26:75)

വേദവചനം മുഖം നോക്കുന്ന ഒരു കണ്ണാടിയാണ്. നമ്മുടെ മുഖത്തുള്ള പാടുകളും, അഴുക്കുകളുമൊക്കെ നമുക്ക് കാണുവാൻ സഹായിക്കുന്നു. ഉടൻ തന്നെ കഴുകിക്കളയുവാൻ നാം ശ്രമിക്കണം.

വേദപുസ്തകം എടുത്ത് നാം തന്നെ നമ്മുടെ വീട്ടിലിരുന്ന വായിക്കുമ്പോൾ, ധ്യാനിക്കുമ്പോൾ, ആ വചനങ്ങളിലൂടെ നാം തന്നെ നമ്മുടെ തെറ്റുകളെ മനസ്സിലാക്കുന്നത് ഒരു നല്ല ശീലമാണ്. വചനങ്ങൾ വായിച്ച് അതിലൂടെ തെറ്റകളെ ഗ്രഹിക്കുന്നത് ഏറ്റവും ഉത്തമമാണ്.

ചൈനാ ദേശത്തെ ഒരു പെൺകുട്ടി വേദപുസ്തകം വായിച്ചിട്ട് “അയ്യോ ഞാനിത് വായിക്കുമ്പോൾ ഇതെന്നെ ചവിട്ടി തള്ളുന്നു” എന്ന് പറഞ്ഞു.

“ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നതെങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ” (സങ്കീ 119:9).

“സത്യത്താൽ അവരെ ശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യം ആകുന്നു.” (യോഹ 17:17).

## 5. നമ്മുടെ ഹൃദയം (1 യോഹ 3:20) നമ്മെ കുറ്റക്കാരനെന്നു വിധിച്ചാൽ

നമ്മെ നാം ഗ്രഹിക്കുവാനായി ദൈവം പ്രയോഗിക്കുന്ന മറ്റൊരു ഉപകരണം – നമ്മുടെ മനഃസാക്ഷിയാണ്. കള്ളമുള്ള മനസ്സ് തുള്ളുന്നു എന്ന പഴഞ്ചൊല്ല് ഇതിനൊരു സാക്ഷ്യമാണ്.

ചില സമയങ്ങളിൽ നമ്മെ ആരും ശ്രദ്ധിക്കാതെ നാം ഏകാന്തതയിലിരിക്കുമ്പോൾ നമ്മുടെ മനസ്സനുഭവിക്കുന്ന വേദനകളെയും, കാഴ്ചകളെയും ആർക്കും കാണുവാൻ സാദ്ധ്യമല്ല. മനഃസാക്ഷിയെ ക്യാമറയിലൂടെ പോലീസുകാർക്ക് ചിത്രീകരിക്കുവാൻ കഴിയുമെങ്കിൽ കോടതിയുടെ ആവശ്യമേ ഇല്ലാതാവും.

നമ്മുടെ ശരീരത്തിലുള്ള രക്തത്തെ ശുദ്ധീകരിക്കുവാൻ ദൈവം നമ്മുടെ ഹൃദയത്തിൽ ആർക്കിൽ എന്ന അവയവം സൃഷ്ടിച്ചിരിക്കുന്നു. നമ്മുടെ ശരീരത്തിലുണ്ടാകുന്ന പല കുഴപ്പങ്ങളെയും ശരിയാക്കുവാൻ ദൈവം കുറേ അവയവങ്ങളെ നമ്മുടെ ശരീരത്തിൽ സൃഷ്ടിച്ചിട്ടു

ണ്ട്. ഈ അഴുക്കുകളെല്ലാം കളയുവാൻ ഒരു യന്ത്രം നമ്മുടെ ശരീരത്തിനുള്ളിൽ വച്ചിരിക്കുന്നു. ഇതുപോലെ മനുഷ്യൻ ചെയ്യുന്ന തെറ്റുകളെയും, പാപങ്ങളെയും ഉണർത്തുവാൻ വേണ്ടിയാണ് നമ്മുടെ മനഃസാക്ഷിയെയും ദൈവം സൃഷ്ടിച്ചിരിക്കുന്നത്. എന്നാൽ മനുഷ്യൻ ഈ മനഃസാക്ഷിയെ ഒരു കളിപ്പാട്ടം പോലെ മാറ്റിയിരിക്കുന്നു. ഒരു വ്യക്തിക്ക് ലോകത്തെ മുഴുവൻ പറ്റിക്കുവാൻ സാധിക്കും. പക്ഷെ, അവന്റെ മനഃസാക്ഷിയെ പറ്റിക്കുവാൻ സാദ്ധ്യമല്ല.

ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവന്റെ മനുഷ്യസ്വഭാവത്തോടുകൂടി തന്റെ ദൈവ ഗുണത്തെയും ചേർത്തു നിർമ്മിച്ചിരിക്കുന്നു. മനുഷ്യനുള്ളിൽ ദൈവം തന്റെ ഗുണത്തെ മനഃസാക്ഷിയായി സ്ഥാപിച്ചു. ലോകത്തിനു പുറത്ത് അവൻ പച്ചോന്തുപോലെ കുറേ വേഷങ്ങൾ ധരിച്ചാലും, ആ വേഷം മാറ്റൽ പുറംലോകത്തിനു മാത്രമാണ്. എന്നാൽ തത് സ്വരൂപം, എന്താണെന്ന് അവന്റെ മനഃസാക്ഷിക്ക് നന്നായിട്ടറിയാം. ലോകത്തെ മുഴുവൻ പറ്റിക്കാം പക്ഷേ സ്വന്തം മനഃസാക്ഷിയെ ആർക്കും പറ്റിക്കാൻ സാദ്ധ്യമല്ല. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു പെണ്ണിനെ, പരീശന്മാരും, സദൂക്യരും യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. “ഈ പെണ്ണിനെ കുറിച്ച് നിങ്ങളെന്തു പറയുന്നു?” എന്ന് യേശുവിനോട് ചോദിച്ച ആ മനുഷ്യനോട് യേശു “നിങ്ങളിൽ പാപം ചെയ്യാത്തവൻ ആദ്യം ഇവളുടെ മേൽ കല്ലെറിയുവിൻ” എന്നു പറഞ്ഞു. ഈ വാക്കുകേട്ട ഉടൻ തന്നെ അവരുടെ മനഃസാക്ഷി കുത്തപ്പെട്ട് വലിയവർ മുതൽ കുട്ടികൾ വരെ ഓരോരുത്തരായി സ്ഥലം വിട്ടുപോയി. (യോഹ 8:39).

ഈ സംഭവത്തിൽ ഓരോ മനുഷ്യനും തന്റെ ഹൃദയത്തിൽ കുത്തപ്പെട്ട് തന്റെ തെറ്റ് മനസ്സിലാക്കി, തിരിച്ചുപോയി എന്നത് ശ്രദ്ധിക്കേണ്ടതാണ്.

**നാബാലിന്റെ ഹൃദയം :** ദാവീദിനോട് നന്ദിയില്ലാത്ത പ്രവൃത്തി, നാബാൽ ചെയ്തതുകൊണ്ട്, അതിനെക്കുറിച്ച് ചിന്തിച്ച്, ചിന്തിച്ച് അവന്റെ മനസ്സ് അവനെ 10 ദിവസത്തോളം വേദനിപ്പിച്ചു കൊണ്ടിരുന്നു. ഒടുവിൽ അവൻ മരിച്ചുപോയി (1 ശമു 25:38). ഈ സംഭവത്തിലൂടെ മറ്റൊരു സത്യവും നിങ്ങളോട് പറവാൻ ആഗ്രഹിക്കുന്നു. ഈ നാബാൽ തന്റെ ഹൃദയത്തിൽ ദാവീദിനോട് താൻ നന്ദികേട് കാണിച്ചുവെന്ന് അവൻ മനസ്സിലാക്കിയപ്പോൾ അവനെന്തു ചെയ്തിരിക്കണം? എഴുന്നേറ്റ് പോയി ദാവീദിനോട് ക്ഷമചോദിച്ചിരുന്നെങ്കിൽ, തീർച്ചയായും ദാവീദ് ക്ഷമിച്ചിട്ടുണ്ടാവും. നാബാൽ മരിക്കുമായിരുന്നില്ല. അതു ചെയ്യാതെ അവൻ തന്റെ ഹൃദയത്തെ കഠിനപ്പെടുത്തി, കല്ലുപോലെ മാറിയപ്പോൾ അവൻ ഹൃദ്രോഗം വന്ന് മരിച്ചുപോയി

ഇതുപോലെ നമ്മളും തെറ്റ് ചെയ്ത് കുറേ ദിവസത്തിനുശേഷം നമ്മുടെ ഹൃദയത്തിൽ കുത്തപ്പെടുകയാണെങ്കിൽ നാം ഉടൻ ചെന്ന് ആരെയാണോ വേദനിപ്പിച്ചത് അവരോട് ക്ഷമ ചോദിക്കണം. ക്ഷമ ചോദിക്കാതിരുന്നാൽ, കൂടെക്കൂടെ, ശാസന കേട്ടിട്ടും ശാഠ്യം കാണിക്കുന്നവൻ നീക്കുപോക്കില്ലാതെ പെട്ടെന്നു നശിച്ചുപോകും. (സദൃ 29:1) എന്ന വചനം നമ്മളിൽ പ്രതിഫലിക്കാനിടയാകും.

ഇതുതന്നെയാണ് നാബാലിന്റെ ജീവിതത്തിലും സംഭവിച്ചത്. അവന്റെ ഹൃദയം കല്ലുപോലെയായി, മരിച്ചുപോയി. അതായത് അവന് ഹൃദ്രോഗം ബാധിച്ച് മരണമടഞ്ഞു. ഇങ്ങനെയുള്ളവരുടെ മനഃസാക്ഷിയാണ് കുത്തപ്പെട്ട മനഃസാക്ഷിയെന്ന് വേദപുസ്തകം പറയുന്നത്. (1

തിമൊ 4:1). അതായത് മാനസാന്തരപ്പെടുവാൻ മനസ്സില്ലാത്തവർ, ദൈവത്തോടു ചൂടുവാങ്ങിയവർ മനഃസാക്ഷിക്കെതിരായി ശാഠ്യംപിടിച്ച് (യോഹ 8:9) പിന്നീട് തെറ്റുകൾ തിരുത്തി നല്ല മനഃസാക്ഷിയോടുകൂടി ജീവിക്കുവാൻ പഠിക്കണം. (അപ്പൊ 23:1).

## വാർത്തയുടെ ഉള്ളടക്കം

നമ്മുടെ തെറ്റുകളെ നാം മനസ്സിലാക്കിക്കൊണ്ട്, അത് തിരുത്തണമെന്നുള്ള കാര്യമാണ് ഇത്രയും നേരം ചിന്തിച്ചത്. ഇതിൽ 5 വിഷയങ്ങൾ പഠിച്ചു.

ആദ്യമായി നമ്മുടെ തെറ്റുകൾ അറിയുവാനുള്ള ആഗ്രഹം നമുക്കുണ്ടായിരിക്കണം.

രണ്ടാമതായി നമ്മുടെ പ്രായവും കാലഘട്ടങ്ങളും നമ്മുടെ തെറ്റുകളെ ഉണർത്തുമെന്നത് മറക്കാതിരിക്കുവിൻ. പ്രായമുള്ളവരുടെ ആലോചന കേൾക്കുവിൻ – നിങ്ങൾ ബാല്യക്കാരായിരുന്നാൽ നിങ്ങളുടെ തെറ്റുകളെ ഒഴിവാക്കാൻ, നിങ്ങളുടെ മാതാപിതാക്കളുടെ ആലോചന കേൾക്കുവിൻ. ബാല്യക്കാരുടെ ആലോചനകേട്ട് രാജ്യത്തെ രണ്ടായി ഭിന്നിച്ച രെഹൊബെയാമിനെപ്പോലെ നിങ്ങളാവരുത്.

മൂന്നാമതായി നിങ്ങളുടെ തെറ്റുകളെ അടയാളം കണ്ടുപിടിക്കാൻ സഹായിക്കുന്ന ഉപകരണം നിങ്ങളോടൊപ്പമുള്ളവരും നിങ്ങളുടെ സാഹചര്യവുമാണ്. ബിലെയാമിന്റെ കാലിനെ കഴുത ഭിത്തിയിൽ ഞെരുക്കിയത് മറക്കരുത്. സാഹചര്യങ്ങളിലൂടെ ഉണ്ടാവുന്ന തടസ്സങ്ങളിൽ ദൈവം ഉണ്ടാക്കുന്ന തടസ്സമേത്, പിശാച് കൊണ്ടുവരുന്ന തടസ്സമേത് എന്ന് വേർതിരിച്ചറിയുവാൻ ശീലിക്കുവിൻ. നെഹമ്യാവ് മതിൽ പണിയുമ്പോൾ സാഹചര്യങ്ങൾ കൂടുതൽ തടസ്സമുണ്ടാക്കിയിരുന്നു. ഇതുപോലെയുള്ള തടസ്സങ്ങൾ പിശാചിന്റെ തടസ്സങ്ങളാണ്. എന്നാൽ ബിലെയാം യിസ്രായേൽ ജനങ്ങൾ ശപിക്കുവാൻ പോകുമ്പോൾ കഴുതയിലൂടെ ഉണ്ടാകുന്ന തടസ്സം, ബിലെയാമിന് അവന്റെ തെറ്റുകൾ മനസ്സിലാക്കുവാനായി ദൈവം കൊണ്ടുവന്ന തടസ്സമാണ്.

നാലാമതായി, ദൈവവചനത്തെ നാം വായിക്കുമ്പോൾ കർത്താവ് നമ്മുടെ തെറ്റുകളെ ഓർമ്മിപ്പിക്കുന്നു. യേശു പത്രോസിനോട് പറഞ്ഞ വാക്കുകളോർത്ത്, പത്രോസ് മനസ്സു തകർന്ന് കരയുന്നു. കർത്താവിന്റെ വചനം ഇരുവശവും മൂർച്ചയുള്ള വാളാകുന്നു.

അടുത്ത തവണ, വേദപുസ്തകം വായിക്കുമ്പോൾ ദൈവമേ എന്റെ തെറ്റുകളെ ഉണർത്തേണമേ എന്ന് പ്രാർത്ഥിക്കുവിൻ.

അവസാനമായി നിങ്ങളുടെ തെറ്റുകളെ മനസ്സിലാക്കുവാൻ നിങ്ങളുടെ മനഃസാക്ഷിയോടു ചോദിക്കുവിൻ. നിങ്ങളുടെ മനഃസാക്ഷി നിങ്ങൾ ചെയ്യുവാൻ പോകുന്ന, പ്രവൃത്തിയെ തെറ്റാണെന്ന് ചുവന്ന പ്രകാശമുള്ള അടയാളം പോലെ കാണിക്കുകയാണെങ്കിൽ അത് ചെയ്യാതിരിക്കുവിൻ. ഇങ്ങനെയുള്ള നല്ല മനഃസാക്ഷിയെ നിങ്ങൾക്കു തരുവാനായി ദൈവത്തോടു ചോദിക്കുവിൻ.

**നാം നമ്മെ തന്നെ വിധിച്ചാൽ വിധിക്കപ്പെടുകയില്ല (1 കൊരി 11:31).**

**തന്റെ തെറ്റുകൾ ഗ്രഹിക്കുന്നവൻ ആര്? (സങ്കീ 19:12).**

**സഹോദരന്മാരെ നാം എല്ലാവരും പലതിലും തെറ്റിപ്പോകുന്നു (യാക്കോ 3:1–2).**

**എന്നെ ഉപദേശിപ്പിൻ; ഞാൻ മിണ്ടാതെയിരിക്കാം. ഏതിൽ തെററിപ്പോയെന്നു എനിക്കു ബോധം വരുത്തുവിൻ (ഇയ്യോ 6:24).**

# പ്രതികൂല സാഹചര്യങ്ങൾ അനുകൂല ദൈവ പ്രവർത്തനങ്ങൾ

1 ശമുവേൽ 28:1–2, 1 ശമുവേൽ 29:1–3

ഫെലിസ്ത്യർ യിസ്രായേലിനോടു പടവെട്ടേണ്ടതിനു തങ്ങളുടെ സേനകളെ ഒന്നിച്ചു കൂട്ടി; അപ്പോൾ രാജാവായ ആഖീശ് ദാവീദിനോട്: നീയും നിന്റെ ആളുകളും എന്നോടുകൂടെ യുദ്ധത്തിന് പോരേണം" എന്ന് അറിയിച്ചു. 'അതേ' എന്ന ഉത്തരം ദാവീദും നല്കി. ദാവീദും തന്റെ പടയാളികളും ആഖീശിന്റെ പടയാളികളോട് ചേർന്നു.

ദാനിയേലിനെപ്പോലെ (ദാനി 6:4), കർത്താവിനെപ്പോലെ (യോഹ 18:38) മറ്റുള്ളവർ ഒരു കുറ്റം കണ്ടുപിടിക്കാത്ത വ്യക്തിയത്രേ ദാവീദ് (1 ശമു 29:3). എങ്കിലും ഫെലിസ്ത്യ പ്രഭുക്കന്മാർക്ക് ദാവീദിനെ ഒരു സംശയം (29:4,5). അതിനാൽ യുദ്ധത്തിൽ പങ്കെടുപ്പിക്കാതെ ദാവീദിനെയും കൂട്ടരെയും തിരിച്ചയച്ചു. (1 ശമു 29:6).

ഈ സമയത്തിനിടയ്ക്കുള്ള സംഭാഷണത്തിൽ തന്റെ സ്വന്തം ജനമായ യിസ്രായേലിനെ "തന്റെ ശത്രുക്കൾ" എന്ന് പറയുന്നതും, ദാവീദ് തനിക്ക് ദൈവദൂതന് തുല്യനെന്ന് ആഖീശ് പറയുന്നതും ആശ്ചര്യമായിരിക്കുന്നു (29:8,9). ദാവീദ് 3 ദിവസയാത്രയ്ക്കു ശേഷം സ്വദേശമായ സിക്ലാഗിൽ എത്തി. അവിടെ എത്തിയപ്പോഴാണ് ഹൃദയഭേദകമായ കാഴ്ച ദാവീദ് കണ്ടത്. തന്റെ വീടും, പരിസരവും, പ്രദേശവും, ഗ്രാമവും തീവെച്ച് ചുട്ടുകളഞ്ഞിരിക്കുന്നു. തന്റെ ഭാര്യമാരെയും, കുഞ്ഞുങ്ങളെയും, തനിക്കു വേണ്ടപ്പെട്ടവരെയെല്ലാം പിടിച്ചുകൊണ്ടുപോയിരിക്കുന്നു. (30:1–2).

ദൈവത്തിന്റെ ശത്രുക്കളോട് ദാവീദ് കൂട്ടുകൂടിയപ്പോൾ തനിക്കുള്ളതെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു! പക്ഷേ ദൈവസ്നേഹം ദാവീദിനെ ശരിയായ വഴിക്ക് നടത്തി – തന്റെ കുടുംബത്തെ രക്ഷിക്കുവാൻ. ആഖീശ് പറഞ്ഞപ്പോൾ ദാവീദ് ഏറെ ദുഃഖിച്ചിരിക്കും. അതുപോലെ നമുക്കു സങ്കടകരമായ അവസ്ഥകളിലൂടെ ദൈവം നടത്തുമ്പോൾ ഓർമ്മിക്കുക – ദൈവം നമ്മെ നേരായ പാതയിലാണ് നടത്തുന്നത്!

ദാവീദ് നേരായ പാതയിലായപ്പോൾ, ദൈവത്തോട് ബന്ധം ശരിയാകുന്നു. പ്രാർത്ഥനാ ജീവിതം തിരികെ ലഭിക്കുന്നു. പ്രാർത്ഥനയ്ക്കു മറുപടിയും ദൈവം നല്കുന്നു. (30:8). രക്ഷ നല്കേണ്ടതിന് ദൈവം ഒരു വ്യക്തിയെയും ഒരുക്കിയിരിക്കുന്നു. (30:11–16). എല്ലാം നഷ്ടപ്പെട്ട് നിരാശയിൽ താണുപോയ നേരത്തും ദൈവവചനവ്യവസ്ഥ "ശത്രുവിനു വിശക്കുന്നു എങ്കിൽ അവന്നു തിന്മാൻ കൊടുക്ക; ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക (സദൃ 25:21). നിറവേറ്റിയപ്പോൾ വിജയം ഉടൻ ലഭിക്കുന്നു.

നഷ്ടപ്പെടലിന്റെ വേദനയും, ദുഃഖവും, കണ്ണുനീരും വാർത്തൊലിച്ചപ്പോഴും വഴിയിൽക്കണ്ട പീഡിതന്, അടിമയ്ക്ക് വിശക്കുന്നവന്, അലഞ്ഞ് നടന്ന സാധുവിന്, വസ്ത്രമില്ലാതിരുന്ന നഗ്നന് – വേണ്ടത് ചെയ്തപ്പോൾ (യെശ 58:6,7) ദാവീദിനെ ദൈവം അംഗീകരിച്ചു, ആശീർവദിച്ചു.

പ്രിയമുള്ളവരെ,

ദേഹം, ദേഹി, ആത്മാവിന് നമ്മുടെ സഹായം ആവശ്യമുള്ള വഴിയോരമാകുന്ന ലോകത്തിലാണ് നാം ജീവിക്കുന്നത്. നമ്മുടെ “ചെറിയ സഹായങ്ങൾ പോലും” ആവശ്യത്തിലിരിക്കുന്നവർക്ക് “വലിയ കൈത്താങ്ങാണ്” ആത്മീയ, ശാരീരിക വിശപ്പിലും ദാഹത്തിലുമിരിക്കുന്നവർക്ക് നമ്മുടെ സമ്പത്തിന്റെ ഒരംശം മാറ്റിവെച്ച് സഹായിക്കാം. നമ്മുടെ കേരളവും, ഭാരതവും, ഏഷ്യൻ ഭൂഖണ്ഡവും പിന്നെ ലോകത്തിന്റെ അതിരുകളോളമുള്ളവർ കർത്താവിന്റെ കൃപ കാണട്ടെ! ഇരുളിൽ പാർക്കുന്ന ജനം വലിയ വെളിച്ചത്തിലാകട്ടെ! !

## STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER JAMAKKARAN (FORM IV)

| | | |
|---|---|---|
| 1. Title of the news paper | : | **JAMAKKARAN** |
| 2. Language(s) in which it is published | : | **TAMIL / MALAYALAM** |
| 3. Place of publication | : | 89,Majeeth Street,<br>Old Suramangalam,<br>Salem - 636 005. |
| 4. Periodicity of its publication | : | Monthly |
| 5. Printer’s name | : | M.Velu |
| (whether citizen of India) | : | Indian |
| Address | : | P.M.Press<br>168,Arumuga Nagar, Salem-636 005 |
| 6. Publisher & Editor’s name | : | **Dr.M.G.E.PUSHPARAJ** |
| (whether citizen of India) | : | Indian |
| address | | 89,Majeeth Street,<br>Old Suramangalam.<br>Salem - 636 005 |

I, **Dr.M.G.E.PUSHPARAJ** hereby declare that the particulars given above are true to the best of my knowledge and belief.

Dated:
1.3.2017

**Dr.M.G.E.PUSHPARAJ**
Signature of Publisher & Editor

# യേശുക്രിസ്തു എന്തുകൊണ്ട് ഇന്നും ജീവിക്കുന്നു

താൻ (യേശു) മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്‌വാൻ; സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു.

(എബ്രായർ 7:25)

നമ്മുടെ ദൈവം മയങ്ങുകയില്ല, ഉറങ്ങുകയില്ല. (സങ്കീർത്തനം 121:4)

MARCH 2017

Printed Book/Book Post

RNI Reg. No. TNBIL/2016/70171

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.